# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചെറിയനാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: KSA.ALP.P-5/1108/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയതി: 03/10/2023
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചെറിയനാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചെറിയനാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെറിയനാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA.ALP.P-5/1108/2023 തീയ്യതി: 03/10/2023

## ആലപ്പുഴ ജില്ലയിലെ ചെറിയനാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ ചെറിയനാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 30 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 24 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| രാജീവ്.ആർ | ഡെപ്യൂട്ടി ഡയറക്ടർ | 04-08-2023 | 11-08-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 04-08-2023 | 11-08-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി മിനി പി.രാധാകൃഷ്ണൻ, ഓഡിറ്റ് ഓഫീസർ
ശ്രീമതി സുഷ റ്റി.പിള്ള, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.ഉണ്ണികൃഷ്ണൻ സി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.സുനിൽകുമാർ ജി., സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി പ്രസന്ന രമേശൻ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ഒഴിവ് | സെക്രട്ടറി | 01-04-2022 | 01-04-2022 |
| ശ്രീ എൻ നന്ദനൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 02-04-2022 | 29-04-2022 |
| ശ്രീമതി ജയലത വി | സെക്രട്ടറി | 30-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ മധുസൂധനൻ നായർ | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ ഐശ്വര്യ ബാബു | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീമതി രാജശ്രീ രാജൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ഡോ ഷെറീന എസ് | മെഡിക്കൽ ഓഫീസർ, (എഫ്..എച്ച്.സി) | 01-04-2022 | 31-03-2023 |
| ഡോ രാജി ആർ | മെഡിക്കൽ ഓഫീസർ (ആയൂർവേദം) | 01-04-2022 | 31-03-2023 |
| ഡോ റംലത്ത് ബീവി | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 12-06-2022 |
| ഡോ റൂയാൻ സാൻ വി | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 13-06-2022 | 31-03-2023 |
| ശ്രീമതി അന്നമ്മ വർഗ്ഗീസ് | ഹെഡ്മിസ്ട്രസ്സ് | 01-04-2022 | 31-03-2023 |
| ശ്രീമതി സ്മിത | അസിസ്റ്റന്റ് എൻജിനീയർ | 01-04-2022 | 17-11-2022 |
| ഒഴിവ് | അസിസ്റ്റന്റ് എൻജിനീയർ | 18-11-2022 | 13-12-2022 |
| ശ്രീ വിപിൻ | അസിസ്റ്റന്റ് എൻജിനീയർ(ഇൻ ചാർജ്ജ്) | 14-12-2022 | 31-03-2023 |
| ശ്രീമതി അശ്വതി കൃഷ്ണ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(ഇൻ ചാർജ്ജ്) | 01-04-2022 | 22-07-2022 |
| ഒഴിവ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 23-07-2022 | 16-08-2022 |
| ശ്രീമതി വിദ്യ ജി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 17-08-2022 | 31-03-2023 |
| ശ്രീ എൻ നന്ദനൻ | അസി.സെക്രട്ടറി | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| ശ്രീ അഭിലാഷ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | നിക്ഷേപ പ്രവൃത്തികളുടെ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല | 1-1-1 |
| 3 | മുൻകൂറുകൾ പേയ്മെന്റ് എന്ന നിലയ്ക്ക് വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തി | 1-1-2 |
| 4 | വാടകയുടെ ഡിസിബി കൃത്യമല്ല | 1-1-3 |
| 5 | സ്കൂളിന് നൽകിയ മുൻകൂറിൽ ചെലവഴിക്കാത്ത ഭാഗം സർക്കാരിലേക്ക് ഒടുക്കിയില്ല | 1-1-4 |
| 6 | MGNREGS ക്യാഷ് ബുക്ക് സംക്ഷിപ്തം വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല | 1-1-5 |
| 7 | ലേലം സംബന്ധിക്കുന്ന വിവരങ്ങൾ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല | 1-1-6 |
| 8 | വാർഷിക കണക്കുകളിലെ ലോൺ ബാധ്യത തുകകൾ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല | 1-1-7 |
| 9 | ലോൺ സംബന്ധിക്കുന്ന ബാധ്യതയും ആസ്തിയും തമ്മിൽ വ്യത്യാസം | 1-1-8 |
| 10 | സർക്കാരിലേക്ക് ഒടുക്കേണ്ട തുകകളുടെ വിവരങ്ങൾ ലഭ്യമാക്കിയില്ല | 1-1-9 |
| 11 | ലൈഫിന്റെ സ്റ്റേറ്റ് ഷേയറിനെ ലോൺ എന്ന നിലക്ക് അക്കൌണ്ട് ചെയ്തു | 1-1-10 |
| 12 | ബാധ്യത ഹെഡ്ഡുകളിൽ നെഗറ്റീവ് സംഖ്യകൾ ഉൾപ്പെടുന്നു | 1-1-11 |
| 13 | ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സായി പാർട്ട് ബിൽ തുക ഉൾപ്പെടുത്തിയില്ല | 1-1-12 |
| 14 | ബജറ്റ് | 1-2 |
| 15 | സാമ്പത്തിക വിശകലനം | 1-3 |
| 16 | ഫണ്ട് വിനിയോഗം | 1-4 |
| 17 | പദ്ധതി അവലോകനം | 1-5 |
| 18 | തൊഴിലുറപ്പ് പദ്ധതി (MGNREGS) | 1-6 |
| 19 | ക്ഷേമ പദ്ധതികൾ | 1-7 |
| 20 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 21 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 22 | ടാക്സ് ഓഡിറ്റ് : തനത് വരുമാനം-വിഭവസമാഹരണത്തിൽ നേരിടുന്ന പ്രശ്നങ്ങളും പരിഹാരങ്ങളും-ലഘുഅവലോകനം | 1-10 |
| 23 | സർക്കാർ നിർദ്ദേശപ്രകാരമുള്ള എല്ലാ ഉപയോഗക്രമങ്ങൾക്കും വസ്തുനികുതി നിരക്ക് നിശ്ചയിച്ചില്ല | 1-11 |
| 24 | മേൽത്തരം തറനിർമ്മിതിക്ക് ബാധകമാക്കേണ്ട വസ്തുനികുതി വർദ്ധനവ് | 1-12 |

| | | |
|---|---|---|
| | പരിഗണിച്ചില്ല | |
| 25 | റോഡ് വിസ്തൃതിക്കനുസൃതമായി അടിസ്ഥാന വസ്തുനികുതിയിൽ വർദ്ധനവ് ഉൾപ്പെടുത്തിയില്ല | 1-13 |
| 26 | മൊബൈൽ ടവറുകളുടെ വസ്തുനികുതി - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല | 1-14 |
| 27 | സ്പോർട്ട്സ് ടർഫിന് വസ്തുനികുതി ചുമത്തിയില്ല | 1-15 |
| 28 | ആരാധനാലയങ്ങളുടെ പേരിൽ അനധികൃത ഇളവുകൾ പരിശോധനാവിധേയമാക്കണം | 1-16 |
| 29 | തൊഴിൽ നികുതി- ഡിമാൻഡ് പൂർണ്ണമാണോയെന്ന് പരിശോധിക്കുവാനുള്ള സാഹചര്യം വിനിയോഗിച്ചില്ല | 1-17 |
| 30 | തൊഴിൽ നികുതി- എല്ലാ സാധ്യതകളും ഉപയോഗപ്പെടുത്തുന്നില്ല | 1-18 |
| 31 | തൊഴിൽ നികുതി- കുടിശ്ശിക ഈടാക്കിയില്ല | 1-19 |
| 32 | ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയില്ല,മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നുണ്ടോയന്ന് ഉറപ്പ് വരുത്തുന്നില്ല | 1-20 |
| 33 | വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ആവശ്യമായ മോട്ടോർ ഫീസ് ഈടാക്കിയില്ല | 1-21 |
| 34 | വാടക കണക്കിൽ കൃത്യതയില്ല,അരിയർ ഡിമാന്റ് തയ്യാറാക്കിയിട്ടില്ല | 1-22 |
| 35 | വാടക സംബന്ധമായ അപാകതകൾ | 1-23 |
| 36 | മാർക്കറ്റ് രസീത് - ലേലം കൊണ്ടവർ ലേലതുക പൂർണ്ണമായി ഒടുക്കിയിലൽ | 1-24 |
| 37 | ഇ-പേയ്മെന്റ് അക്കൌണ്ടിൽ നിന്നും നിശ്ചിത തുക മാറ്റി നിക്ഷേപിക്കുന്നത് പഞ്ചായത്തിന് ഗുണകരം | 1-25 |
| 38 | തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്- നിലവിലില്ലാത്ത ഇൻകാൻഡസെന്റ് ബൾബുകളുടെ നിരക്ക് ഈടാക്കി കെ.എസ്.ഇ.ബി - അടിയന്തിര ഇടപെടലുകൾ അനിവാര്യം | 1-26 |
| 39 | കെ.എസ്.ഇ.ബി. യുമായി ചേർന്നുള്ള നിക്ഷേപ പ്രവൃത്തികൾ- ആവശ്യാധിഷ്ഠിതമല്ലാത്ത ഫണ്ട് വിനിയോഗം-തുടർ പരിശോധനകൾ അനിവാര്യം | 1-27 |
| 40 | ആസ്തികൾ സംരക്ഷിക്കപ്പെടുന്നില്ല, പൊതുജനങ്ങൾക്ക് ആവശ്യമായ സേവനം ലഭ്യമാകുന്നില്ല- | 1-28 |
| 41 | സാമൂഹ്യ സുരക്ഷ പെൻഷൻ - മരണ തീയതിക്കു ശേഷമുള്ള മാസങ്ങളിലും പെൻഷണറുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തു | 1-29 |
| 42 | ജെ.ബി.എസ് ചെറിയനാട് -ഫർണിച്ചർ വാങ്ങൽ-അധികം ചെലവഴിച്ചു | 1-30 |
| 43 | ഖരമാലിന്യ സംസ്കരണത്തിന് ഇ-കാർട്ട് വാഹനം - മാലിന്യ നീക്കത്തിന് വാഹനം പര്യാപ്തമല്ല | 1-31 |

| | | |
|---|---|---|
| 44 | ഉപയോഗരഹിതമായ പൊതു ടാപ്പുകൾ ഒഴിവാക്കൽ പ്രവൃത്തി നടന്നില്ല- ചെലവ് ചെയ്ത 98000രൂപ തടസ്സപ്പെടുത്തുന്നു | 1-32 |
| 45 | ഉത്ഘാടനം കഴിഞ്ഞ് മൂന്ന് വർഷങ്ങൾക്ക് ശേഷവും ബഡ്സ് സ്കൂൾ പ്രവർനം ആരംഭിച്ചില്ല | 1-33 |
| 46 | ഹരിതമിത്രം-പദ്ധതി നടത്തിപ്പിന്റെ ഗുണഫലം ഗ്രാമപഞ്ചായത്തിന് ലഭിച്ചില്ല | 1-34 |
| 47 | എഞ്ചിനീയറിംഗ് വിഭാഗത്തിന് വേണ്ടി വാഹനം വാടകക്ക് എടുക്കൽ- അപാകതകൾ | 1-35 |
| 48 | ഷോപ്പിംഗ് കോംപ്ലക്സ് മെയിന്റനൻസ്- വാല്യുവേഷൻ അനുസരിച്ചുള്ള തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല | 1-36 |
| 49 | ഭവന പുനരുദ്ധാരണം - സബ്സിഡി മാനദണ്ഡങ്ങൾ പാലിക്കാതെ ആനുകൂല്യം നൽകി | 1-37 |
| 50 | വി.ഇ.ഒ നടപ്പാക്കിയ ഭവന പുനരുദ്ധാരണപ്രോജക്ടുകൾ -വീട് അറ്റകുറ്റപ്പണി പൂർത്തിയായിട്ടില്ല | 1-38 |
| 51 | മരുന്ന് പൂർണ്ണമായും ലഭിച്ചിട്ടില്ല | 1-39 |
| 52 | ടാർ വീപ്പയുടെ വില തനതു ഫണ്ടിൽ ക്രഡിറ്റ് ചെയ്യുന്നു | 1-40 |
| 53 | ലൈഫ് ഭവന പദ്ധതി -അവലോകനം | 1-41 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | ജെ.ബി.എസ്.സ്കൂളിന് ഫർണിച്ചർ വാങ്ങൽ- | 3-1 |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൽ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ്ജ്/സർ ചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |

| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 15.07.2023 ലെ 9(1) കമ്മറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 21.07.2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ചെറിയനാട് ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31-03-2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൌണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൌണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൌണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൌണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൌണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ചെറിയനാട് ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം :

തീയതി :

സാക്ഷ്യപ്പെടുത്തേണ്ട അധികാരിയുടെ ഒപ്പ്

## 1-1-1 നിക്ഷേപ പ്രവൃത്തികളുടെ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

നിർവ്വഹണ ഏജൻസികൾക്ക് നൽകിയ മുൻകൂറിന്റെ വിവരങ്ങൾ അടങ്ങിയ (വിനിയോഗ സാക്ഷ്യപത്രം

ലഭിക്കാനുള്ള തുകയുടെ/വിനിയോഗം നടക്കാത്ത) ഒരു രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഗ്രാമപഞ്ചായത്തിന്റെ എത്രത്തോളം പണം മറ്റ് ഏജൻസികളുടെ പക്കൽ മുടങ്ങിക്കിടക്കുന്നു എന്ന കണക്കിന് കൃത്യതയില്ല (B-18 പത്രികയിലെ രേഖപ്പെടുത്തലുകൾ അപൂർണ്ണം).

1-1-2 മുൻകൂറുകൾ പേയ്മെന്റ് എന്ന നിലയ്ക്ക് വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തി

2022-23 വർഷം വിവിധ നിർവ്വഹണ ഏജൻസികൾക്ക് (KSEB, KWA) പ്രവർത്തി നിർവ്വഹണത്തിനായി മുൻകൂറുകൾ നൽകിയിട്ടുണ്ട്. ചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | തുക |
|---|---|
| KSEB | 53185 |
| KWA | 98000 |
| KSEB | 44625 |

എന്നാൽ ഈ തുകകൾ മുൻകൂറുകൾ എന്ന നിലയ്ക്കല്ല വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയത്. വിനിയോഗവിവരങ്ങളില്ലാത്ത ടി തുകകൾ വാർഷിക കണക്കുകളിൽ മുൻകൂർ എന്ന നിലക്ക് ഉൾപ്പെടുത്തിയിട്ടില്ല.

1-1-3 വാടകയുടെ ഡിസിബി കൃത്യമല്ല

വാടകയുടെ ഡിമാൻഡ്, കളക്ഷൻ ബാലൻസ് എന്നിവ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല. രജിസ്റ്റർ പ്രകാരം വാടക കുടിശ്ശിക 1.64 ലക്ഷം രൂപയാണ്. എന്നാലിത് വാർഷിക കണക്കുകളിൽ ഉൾപ്പെടുന്നില്ല.

1-1-4 സ്കൂളിന് നൽകിയ മുൻകൂറിൽ ചെലവഴിക്കാത്ത ഭാഗം സർക്കാരിലേക്ക് ഒടുക്കിയില്ല

ജെബിഎസ് ചെറുനല്ലൂരിന് നൽകിയ മുൻകൂർ തുകയിൽ 1851/-രൂപ സ്ഥാപനം ചെലവഴിച്ചിരുന്നില്ല. മുൻകൂർ രജിസ്റ്ററിന്റെ അഭാവത്തിൽ ഈ തുക സർക്കാരിലേക്ക് തിരികെ ഒടുക്കേണ്ടതാണ് എന്ന് സ്ഥാപനം തിരിച്ചറിഞ്ഞ് വിവരം രേഖപ്പെടുത്തുകയോ തുക ഒടുക്കുകയോ ചെയ്തില്ല.

1-1-5 MGNREGS ക്യാഷ് ബുക്ക് സംക്ഷിപ്തം വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല

വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിരിക്കുന്ന മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ചെലവ് വിവരങ്ങളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വ്യത്യാസത്തിന്റെ കാരണം വിശദീകരിക്കപ്പെട്ടില്ല.

1-1-6 ലേലം സംബന്ധിക്കുന്ന വിവരങ്ങൾ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല

കൊല്ലകടവ് മാർക്കറ്റ് 8.28 ലക്ഷത്തിനാണ് ലേലത്തിൽ പോയത്. മുൻകൂറായും തൻവർഷം ലഭിച്ചതും കിഴിച്ചുള്ള തുക 1.6 ലക്ഷം രൂപ വാർഷിക കണക്കുകളിൽ കിട്ടാനുള്ള തുക (Receivables) എന്ന നിലക്ക് ഉൾപ്പെടുന്നില്ല.

1-1-7 വാർഷിക കണക്കുകളിലെ ലോൺ ബാധ്യത തുകകൾ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല

ലോൺ രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല. ലോൺ ഇനത്തിലെ വരവ്, ഉറവിടത്തിൽ നിന്നുള്ള കിഴിക്കലുകൾ എന്നിവ കൃത്യമായി രേഖപ്പെടുത്തുന്നില്ല. ആയതിനാൽ ലോൺ രജിസ്റ്റർ പ്രകാരമുള്ള 31-03-23 ലെ ലോൺ ബാധ്യത വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. ലോൺ രജിസ്റ്റർ കാലികമാക്കി പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

1-1-8 ലോൺ സംബന്ധിക്കുന്ന ബാധ്യതയും ആസ്തിയും തമ്മിൽ വ്യത്യാസം

ലോൺ സംബന്ധിക്കുന്ന ബാധ്യതയും ആസ്തിയും തമ്മിൽ വ്യത്യാസം.

| | |
|---|---|
| B-4 ലെ ലോൺ തുക | 24816848 |
| B-16 ലെ Prepaid Expense | 18092388 |
| വ്യത്യാസം | 6724460 |

ബാലൻസ് ഷീറ്റിലെ B-6, B-16 യിലെ തുകകളുടെ വ്യത്യാസത്തിന്റെ കാരണം വിശദീകരിക്കേണ്ടതാണ്.

1-1-9 സർക്കാരിലേക്ക് ഒടുക്കേണ്ട തുകകളുടെ വിവരങ്ങൾ ലഭ്യമാക്കിയില്ല

350200118 എന്ന ഹെഡ്ഡിൽ ഉൾപ്പെടുത്തിയ Recovery Payable ന്റെ വിവരങ്ങൾ (26868/- രൂപ) പരിശോധനക്കായി ലഭ്യമാക്കിയില്ല. സർക്കാരിലേക്ക് ഒടുക്കേണ്ട ഓഡിറ്റ് റിക്കവറി, ഗുണഭോക്താക്കൾക്ക് അധികം നൽകിയ തുകകൾ എന്നിവയാണെങ്കിൽ ടി തുകകൾ അതത് ഫണ്ടിലേക്ക് തിരികെ ഒടുക്കേണ്ടതാണ്.

1-1-10 ലൈഫിന്റെ സ്റ്റേറ്റ് ഷേയറിനെ ലോൺ എന്ന നിലക്ക് അക്കൌണ്ട് ചെയ്തു

330200101 എന്ന ഹെഡ്ഡിൽ LIFE സ്റ്റേറ്റ് ഷെയർ ലോൺ എന്ന രീതിയിൽ അക്കൌണ്ട് ചെയ്തിരിക്കുന്നു. ലോൺ സംബന്ധിക്കുന്ന കണക്കുകൾ കൃത്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-1-11 ബാധ്യത ഹെഡ്ഡുകളിൽ നെഗറ്റീവ് സംഖ്യകൾ ഉൾപ്പെടുന്നു

B-9 ഷെഡ്യൂളിൽ താഴെ പറയുന്ന ഹെഡ്ഡുകളിൽ നെഗറ്റീവ് സംഖ്യകളാണ്.

ഹെഡ് കോഡ്-350200201, 350200203, 350200205, 350200206, 350200207, 350200208

1-1-12 ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സായി പാർട്ട് ബിൽ തുക ഉൾപ്പെടുത്തിയില്ല

പാർട്ട് ബില്ലുണ്ടെങ്കിലും (പ്രോജക്റ്റ് നം-89/23 തുക - 378944) കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സിൽ തുകയൊന്നും ഉൾപ്പെടുത്തിയിട്ടില്ല. ആസ്തി നിർമ്മിതിക്കായി ചെലവഴിക്കുന്ന തുക (പാർട്ട് ബില്ലുകൾ) ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സിൽ ഉൾപ്പെടുത്തേണ്ടതും ഫൈനൽ ബിൽ നൽകുന്ന മുറക്ക് അവയെ അസറ്റ് എന്ന നിലക്ക് മാറ്റേണ്ടതുമാണ്.

1-2 ബജറ്റ്

2022-23 വർഷത്തെ ബജറ്റ് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയിൽ 18.03.2022 ൽ (തീരുമാനം നം. 1) അവതരിപ്പിച്ചിരുന്നു. ജനറൽ കമ്മറ്റിയുടെ 22.03.2022 ലെ 1(1) നമ്പർ തീരുമാനം പ്രകാരം ബജറ്റ് അംഗീകരിച്ചു.

| ഇനം | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 264653240 | 256543243 |
| വാർഷിക കണക്ക് പ്രകാരം (ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം) | 113653618 | 115569532 |

1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 10490568 |
| വരവ് | 36961150 |
| ആകെ | 47451718 |
| ചെലവ് | 29139718 |
| നീക്കിയിരിപ്പ് | 18312000 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് (പൊതുവിഭാഗം) | 0 | 15523413 | 15523413 | 11879950 | 3643463 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 7077698 | 7077698 | 5925288 | 1152410 |
| സംരക്ഷണ ഗ്രാന്റ്(റോഡ്) | 0 | 10209900 | 10209900 | 4676168 | 5533732 |
| സംരക്ഷണ ഗ്രാന്റ്(നോൺ റോഡ്) | 0 | 6025246 | 6025246 | 3671866 | 2353380 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് -ടൈഡ് | 0 | 4028786 | 4028786 | 215548 | 3813238 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് -അൺ ടൈഡ് | 0 | 54974 | 54974 | 53185 | 1789 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 148 | 101539140 | 72 | 37931171 | 35 | 41 | 49 |

## 1-6 തൊഴിലുറപ്പ് പദ്ധതി (MGNREGS)

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 0 | 1065075 | 1065075 | 1065075 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | 0 | 22410876 | 22410876 | 22410876 | 0 |

എം.ജി.എൻ.ആർ.ഇ.ജി.എസ്. പദ്ധതിയുടെ വരവ് ചെലവ് കണക്കുകൾ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. ക്യാഷ് ബുക്ക് പ്രകാരമുള്ള വിവരങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

## 1-7 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 5 | 93000 |
| കർഷകതൊഴിലാളി പെൻഷൻ | 3361 | 5060800 |
| വിധവാ പെൻഷൻ | 915 | 10769400 |
| വാർദ്ധക്യകാല പെൻഷൻ | 2149 | 24227800 |
| വികലാംഗ പെൻഷൻ | 298 | 3496000 |

| | | |
|---|---|---|
| അവിവാഹിത പെൻഷൻ | 34 | 417600 |

1-8 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 08.08.2023 തീയതിയിൽ 3.30 P.M സമയത്ത് അക്കൌണ്ടന്റിന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 39319/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

താഴെപ്പറയുന്ന കാര്യങ്ങളിലൊഴികെ, പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ കാര്യക്ഷമമാണ്.

1. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ മീറ്റിംഗുകളിൽ, തനതുവരുമാനം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ കൃത്യമായ ഇടപെടലുകൾ, നിർദ്ദേശങ്ങൾ ഇവ ഉണ്ടാകുന്നില്ല. 4/22, 5/22, 6/22 എന്നീ മാസങ്ങളിലെ വരവ്-ചെലവ് കണക്കുകൾ ഉൾപ്പെടുത്താതെ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ മിനിട്സ് അംഗീകരിച്ചതായി കാണുന്നു.

2. കാലാവസ്ഥ വ്യതിയാനം, ദുരന്ത നിവാരണം എന്നീ ചുമതലകളിൽ ഉൾപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾ 2022-23 വർഷം യോഗം ചേർന്നിട്ടില്ല. മറ്റ് വർക്കിംഗ് ഗ്രൂപ്പുകൾ വർഷത്തിൽ രണ്ടുപ്രാവശ്യം യോഗം ചേരുന്നതായും ആവശ്യമായ പദ്ധതി നിർദ്ദേശങ്ങൾ വെക്കുന്നതായും കാണുന്നു.

3.രജിസ്റ്ററുകൾ കൃത്യമാക്കി പരിപാലിച്ചുപോരുന്നില്ല. അഡ്വാൻസ് രജിസ്റ്ററിൽ (ഓണം അഡ്വാൻസ് ഒഴികെ) മുൻകൂറായി നൽകുന്ന തുകകൾ ഉൾപ്പെടുത്തുന്നില്ല.ലോൺ രജിസ്റ്റർ കൃത്യമല്ല.

4. മുൻവർഷങ്ങളിലെ പദ്ധതി ചെലവിന്റെ ഭൂരിഭാഗവും ഉപയോഗിച്ച് പൂർത്തീകരിച്ചതും ജനങ്ങൾക്ക് ഉപയോഗപ്രദമാകേണ്ടതുമായ പല സ്ഥാപനങ്ങളും തുടർനിരീക്ഷണമില്ലാതെ കാട്ടുമൂടി നശിച്ചുപോകുന്ന അവസ്ഥയിലാണ് (ഖണ്ഡിക നം. 1-33, 1-28 എന്നിവ കാണുക). ജനങ്ങൾക്ക് ഉപയോഗ്യമായ സാഹചര്യത്തിലേക്ക് സ്ഥാപനങ്ങളെ ഉയർത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

5. സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ പോലെയുള്ള നിക്ഷേപപ്രവൃത്തികൾ, സ്ട്രീറ്റ് മെയിൻ ഇല്ലാത്ത ജനവാസമേഖലകൾ ഏതെല്ലാമെന്നുള്ള വിവരങ്ങൾ കണ്ടെത്തി കെ.എസ്.ഇ.ബി യുടെ എസ്റ്റിമേറ്റ് എടുത്ത് തുക നിക്ഷേപിക്കുന്നതിന് മേലിൽ ശ്രദ്ധിക്കേണ്ടതാണ് (ഖണ്ഡിക നം.1-27 ലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു).

1-10 ടാക്സ് ഓഡിറ്റ് : തനത് വരുമാനം-വിഭവസമാഹരണത്തിൽ നേരിടുന്ന പ്രശ്നങ്ങളും പരിഹാരങ്ങളും-ലഘുഅവലോകനം

ഗ്രാമപഞ്ചായത്തുകളുടെ പ്രധാന നികുതി വരുമാനങ്ങൾ വസ്തുനികുതി, തൊഴിൽനികുതി, വിനോദനികുതി എന്നിവയാണ്. ഏറ്റവും വലിയ വസ്തുനികുതി നിയമാനുസൃത ഒഴിവുകളില്ലാത്ത എല്ലാ പാർപ്പിടാവശ്യ കെട്ടിടങ്ങളിൽ നിന്നും പാർപ്പിടേതര ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളിൽ നിന്നും ഈടാക്കുന്നു (കേരള പഞ്ചായത്ത് രാജ് നിയമം 203). രണ്ടാമത്തെ വലിയ നികുതി വരുമാനമായ തൊഴിൽ നികുതി ജീവനക്കാർ, വ്യാപാരം വ്യവസായം എന്നിവ നടത്തുന്നവർ, പ്രൊഫഷണൽസ്, സ്ഥാപനങ്ങൾ എന്നീ ഇനങ്ങളിലായി നിയമപ്രകാരം ഈടാക്കാം (കേരള പഞ്ചായത്ത് രാജ് നിയമം 204). സിനിമ ഉൾപ്പെടെയുള്ള വിനോദപരിപാടികളുടെ ടിക്കറ്റ് നിരക്ക് അടിസ്ഥാനപ്പെടുത്തി, വിനോദം നൽകുന്ന സ്ഥാപനം നൽകുന്ന ജി.എസ്.ടി റിട്ടേണുകളെ ആസ്പദമാക്കിയാണ് വിനോദ നികുതി ഗ്രാമപഞ്ചായത്തുകൾ സ്വീകരിക്കുന്നത്. നികുതിഇതര വരുമാന മാർഗ്ഗങ്ങൾ ലൈസൻസ് ഫീസ്, വാടക, മാർക്കറ്റ് ഫീസ്, ബസ് സ്റ്റാന്റ് ഫീസ്, കെട്ടിട നിർമ്മാണ പെർമിറ്റ് ഫീസ് തുടങ്ങിയവയാണ്.

ആറാമത് ധനകാര്യകമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ നിർദ്ദേശാനുസരണം വിഭവസമാഹരണത്തിന്റെ കാര്യക്ഷമതക്ക് പ്രാധാന്യം നൽകി ഒരു ടാക്സ് ഓഡിറ്റ് നടത്തണമെന്ന് നിർദ്ദേശിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ നടത്തിയ പരിശോധനയിൽ തൊഴിൽ നികുതി, വസ്തുനികുതി എന്നിവയിലെ

ഡിമാൻഡുകൾ പൂർണ്ണമല്ല എന്നവ്യക്തമായി. ഡിമാൻഡുകൾ പൂർണ്ണമല്ലാത്തത് ടാക്സ് ഇവേഷനും നികുതി ശോഷണത്തിനും ഇടയാക്കുന്നു. നികുതി നികുതി ഇതര വരുമാനങ്ങളെ സംബന്ധിക്കുന്ന നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

1) പുതിയ തനതുവരുമാന മേഖലകൾ :

പുതിയ തനതുവരുമാനമേഖലകൾ സംബന്ധിക്കുന്ന നിർദ്ദേശങ്ങൾ ഒന്നുംതന്നെ ധനകാര്യസ്ഥിരം സമിതിയുടെയോ പഞ്ചായത്ത് സമിതിയുടെയോ തീരുമാനങ്ങളിൽ ഉൾപ്പെട്ടിട്ടില്ല. പഞ്ചായത്തിന് സ്വന്തമായി സ്ഥലമുള്ള ഭാഗം വാണിജ്യപരമായി പ്രാധാന്യമുള്ളതെങ്കിൽ, അവിടങ്ങളിൽ കടമുറികൾ നിർമ്മിച്ച് തനത് വാടകവരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സമിതിയുടെ ഭാഗത്തുനിന്നുണ്ടായിട്ടില്ല. വാണിജ്യപരമായി പ്രാധാന്യം ഉള്ള സ്ഥലങ്ങളിൽ കെട്ടിടങ്ങളോ സ്ഥലങ്ങളോ ഒഴിഞ്ഞ് കിടക്കുന്നുണ്ടോയെന്ന് പരിശോധനാ വിധേയമാക്കേണ്ടതാണ്. ചെറിയനാട് ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച്, നിലവിലുണ്ടായിരുന്ന കടമുറികൾ വളരെക്കുറഞ്ഞ വാടകക്കാണ് ലേലത്തിൽ പോയിട്ടുള്ളത്. നിരവധി കെട്ടിടങ്ങൾ ഒഴിഞ്ഞുകിടക്കുന്ന സ്ഥിതിയുമുണ്ട് (വിശദമായി ഖണ്ഡിക നം.1-23 – ൽ ഉൾപ്പെടുത്തിയിട്ടുണ്ട്).

പുതിയതായി ആരംഭിക്കുന്ന സ്ഥാപനങ്ങൾ/പഞ്ചായത്തിന്റെ നികുതി സംബന്ധിക്കുന്ന വിവരഅടിത്തറയിൽ ഉൾപ്പെടാത്ത സ്ഥാപനങ്ങൾ എന്നിവ സംബന്ധിക്കുന്ന ചർച്ചകൾ ധനകാര്യ സ്ഥിരം സമിതിയിൽ ഉണ്ടായിട്ടില്ല. ടർഫുകൾ, ധനകാര്യ പണമിട്ട സ്ഥാപനങ്ങൾ എന്നിവയെല്ലാം നികുതി ശൃംഖലക്ക് പുറത്താണ്.

2) തനത് വരുമാനങ്ങൾ നിശ്ചിതസമയത്തിനുള്ളിൽ പിരിച്ചെടുക്കുന്നതിന് പഞ്ചായത്ത് സ്വീകരിച്ച നടപടികൾ:

വാർഷിക കണക്കുകൾ പ്രകാരം വസ്തുനികുതിയിൽ മാത്രമാണ് കുടിശ്ശിക അവശേഷിക്കുന്നത്. തൊഴിൽ നികുതി സംന്ധിക്കുന്ന ഡിമാൻഡിൽ എല്ലാ സ്ഥാപനങ്ങളെയും ഉൾപ്പെടുത്താത്തത് കാരണം കുടിശ്ശിക ഉണ്ടായിട്ടും കുടിശ്ശിക സംബന്ധിക്കുന്ന വിവരങ്ങൾ വാർഷിക കണക്കുകളിൽ ഉൾപ്പെടാത്ത സാഹചര്യമുണ്ട് (ഖണ്ഡിക കണ്ടാലും).

നികുതി/നികുതിയേതര വരവിനങ്ങളുടെ അവലേകന യോഗങ്ങൾ കൂടി, പിരിവ് പുരോഗതി നികുതി വർദ്ധനവ് എന്നിവ ചർച്ച ചെയ്യേണ്ടതാണ്.

3) ചട്ടവിരുദ്ധമായി തുറസ്സായ സ്ഥലം കെട്ടിയടച്ച് നിർമ്മാണം നടത്തുന്നവർക്കെതിരെ നടപടികൾ സ്വീകരിക്കുന്നില്ല / അനധികൃത നിർമ്മിതികളെ വസ്തുനികുതി ചുമത്തുന്നില്ല

ചട്ടവിരുദ്ധമായി തുറസ്സായ സ്ഥലം കെട്ടിയടച്ച് നിർമ്മാണം നടത്തുന്നവർ, ലീക്ക് പ്രൂഫ് എന്ന വ്യാജേന കെട്ടിടത്തിന് അധിക നിലനിർമ്മിച്ച് വിവിധങ്ങളായ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നവർ എന്നിവരെയൊന്നും കണ്ടെത്തി, പട്ടിക തയ്യാറാക്കി നടപടികൾ സ്വീകരിക്കുന്നതിന് പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. അനധികൃത അധിക നിർമ്മിതികളെ തിരിച്ചറിഞ്ഞ് നടപടികൾ സ്വീകരിക്കാത്തത്, ക്രമവൽക്കരിക്കാവുന്ന കെട്ടിടങ്ങളിൽ നിന്നും പഞ്ചായത്തിന് ലഭിക്കേണ്ടതായ വസ്തുനികുതി നഷ്ടമാക്കുന്നുണ്ട്. വളരെക്കുറച്ച് കെട്ടിടങ്ങൾ മാത്രമാണ് അനധികൃതമായുള്ളത് എന്ന നിലയിലാണ് സഞ്ചയ ഡേറ്റാ ബേസിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. വസ്തുനികുതി നിർണ്ണയത്തിനായി അപേക്ഷ സമർപ്പിക്കുന്നവർ, അപാകം മൂലം മടക്കി അയക്കപ്പെട്ടാൽ പിന്നീട് ഗ്രാമപഞ്ചായത്തിലേക്ക് വരാത്ത സാഹചര്യമുണ്ട്. ഇങ്ങനെയുള്ള കെട്ടിടങ്ങൾ കണ്ടെത്തി നികുതി ചുമത്തുന്നതിന്(UA) ഗ്രാമപഞ്ചായത്തിന്റെ ഭാഗത്ത് നിന്ന് ശ്രമങ്ങൾ ഉണ്ടാകേണ്ടതാണ്.

4) പ്രൊഫഷണലുകളിൽ നിന്നുള്ള തൊഴിൽ നികുതി വരുമാനം ഡിമാൻഡ് ചെയ്യുന്നില്ല:

നിയമാനുസൃതം സ്വയം തൊഴിലെടുക്കുന്ന (പ്രൊഫഷണൽസ്) ഡോക്ടർമാർ, അഭിഭാഷകർ, ആർക്കിടെക്റ്റ്, ടാക്സ് പ്രാക്ടീഷണർമാർ, ചാർട്ടേഡ് അക്കൌണ്ടന്റ്, ഇൻഷുറൻസ് ഏജന്റുമാർ,

പൊതുമരാമത്ത് കോൺട്രാക്ടർമാർ തുടങ്ങിയ ഒരു വലിയ വിഭാഗം തൊഴിൽ നികുതി ചുമത്തലിൽ നിന്നും രക്ഷപെടുന്നുണ്ട്. മതിയായ വിവരഅടിത്തറയുടെ അഭാവമാണ് പ്രധാന കാരണം. ചെറിയനാട് ഗ്രാമപഞ്ചായത്തിലെ 2022-23 ലെ വാർഷികകണക്കുകളെ അടിസ്ഥാന പ്പെടുത്തിയാൽ ഈ ഇനത്തിൽ ഒരാളിൽ നിന്നുപോലും ഗ്രാമപഞ്ചായത്ത് തൊഴിൽ നികുതി ഈടാക്കിയിട്ടില്ലായെന്നത് വ്യക്തമാണ്.

6) തൊഴിൽ നികുതി ഈടാക്കുന്നതിന് സോഫ്റ്റ്‌വെയർ അധിഷ്ഠിത സംവിധാനം ഏർപ്പെടുത്തുന്നതിന് സർക്കാരിനോട് ആവശ്യപ്പെടാവുന്നതാണ് :

വളരെ എളുപ്പത്തിൽ ചെയ്യാവുന്ന തൊഴിൽ നികുതിയുടെ ഡേറ്റാബേസ് നാളിതുവരെയും ഡിജിറ്റലൈസ് ചെയ്തിട്ടില്ല. സ്ഥാപനങ്ങൾക്ക് പെർമനന്റ് നമ്പർ നൽകികൊണ്ട് തൊഴിൽനികുതി വിവരഅടിത്തറ ഡിജിറ്റലൈസ് ചെയ്യുന്നതിന് IKM മുഖാന്തിരം സർക്കാരിനോട് ആവശ്യപ്പെടാവുന്നതാണ്. തൊഴിൽ നികുതിയിലെ വരുമാനനഷ്ടം ഒരളവുവരെ ഇപ്രകാരം പരിഹരിക്കാവുന്നതാണ്.

7) വസ്തുനികുതി നിർണ്ണയം പൂർണ്ണമായി വാർഷിക ഓഡിറ്റിനൊപ്പം പരിശോധിക്കപ്പെടാതെ പോകുന്ന സാഹചര്യം നിലവിലുണ്ട് :

നിലവിലെ സാഹചര്യത്തിൽ പരിമിതമായ മനുഷ്യദിനങ്ങളിൽ വസ്തുനികുതി നിർണ്ണയം പൂർണ്ണമായും പരിശോധിക്കപ്പെടാത്ത സാഹചര്യം നിലനിൽക്കുന്നുണ്ട്. ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട ഓരോ രൂപയും ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾ ഓരോ വർഷവും വസ്തുനികുതി നിർണ്ണയം നടത്തുന്ന മുഴുവൻ ഫയലുകളും ഓഡിറ്റിന് വിധേയമാക്കേണ്ടതും സംശയദൂരീകരണത്തിനായി സ്ഥലപരിശോധന ഉൾപ്പെടെയുള്ള കാര്യങ്ങൾ നടത്തേണ്ടതും അനിവാര്യമാണ്. ഗ്രാമപഞ്ചായത്തുകളുടെ നികുതി അടിത്തറ ശക്തിപ്പെടുത്തിയാൽ മാത്രമെ അവയുടെ സാമ്പത്തിക അടിത്തറ ഭദ്രമാകുകയുള്ളൂ. ആയതിനാൽ നൂറ് ശതമാനം നികുതി ഓഡിറ്റിനുള്ള സാഹചര്യമുണ്ടാകണം.

8) വസ്തുനികുതി പരിഷ്കരണം പൂർണ്ണമായും പ്രത്യേക ഓഡിറ്റിന് വിധേയമാക്കിയിട്ടില്ല :

വാർഷിക വാടകമൂല്യം അടിസ്ഥാനപ്പെടുത്തി വസ്തുനികുതി നിർണ്ണയിക്കപ്പെട്ടിരുന്ന പഴയ കെട്ടിടങ്ങളുടെ വസ്തുനികുതി പരിഷ്കരണം വർഷങ്ങളെടുത്താണ് പൂർത്തീകരിച്ചത്. 2013 ൽ ആരംഭിച്ച പരിഷ്കരണപ്രക്രിയ പൂർത്തീകരിക്കപ്പെട്ടോയെന്ന് നിലവിലും ഒരു എക്സ്റ്റേണൽ ഏജൻസിയോ ഓഡിറ്റ് വകുപ്പോ പരിശോധിച്ചുറപ്പാക്കിയിട്ടില്ല. പൂർത്തീകരണത്തിന് പഞ്ചായത്ത് ജീവനക്കാർക്കൊപ്പം കരാറടിസ്ഥാനത്തിൽ ജോലി ചെയ്തവരും ഉൾപ്പെട്ടിരുന്നു. ഡേറ്റാ എൻട്രിയിലേയും നികുതി പരിഷ്കരണത്തിലെയും നിരവധി പിഴവുകൾ തുടർന്നുള്ള ഓഡിറ്റ് റിപ്പോർട്ടുകൾ മുഖാന്തിരം ചൂണ്ടി കാണിച്ചിട്ടുണ്ടെങ്കിലും അപാകങ്ങൾ നിലവിലും തുടരുന്ന സാഹചര്യമുണ്ട്. വസ്തുനികുതി നിർണ്ണയത്തിന് സ്വീകരിച്ച ഉപയോഗക്രമം കൃത്യമായാണോ ഉൾപ്പെടുത്തിയത്, വസ്തുനികുതി നിർണ്ണയത്തിന് സ്വീകരിച്ച റോഡുകളുടെ വിസ്തൃതി, മേഖല എന്നിവ ഓരോ നികുതി നിർണ്ണയത്തിനും ഡേറ്റാ എൻട്രി നടത്തിയപ്പോൾ കൃത്യമായി ഉൾപ്പെടുത്തിയോ, മേൽത്തരം തറ നിർമ്മിതിക്ക് ബാധകമാക്കേണ്ട വർദ്ധനവ് ഉൾപ്പെടുത്തിയിരുന്നോ തുടങ്ങിയ പരിശോധനകൾ നൂറുശതമാനം നടന്നിട്ടില്ല. നൂറുശതമാനം കൃത്യമാക്കാത്ത ഡേറ്റാ ബേസ് ആസ്പദമാക്കി നികുതി വീണ്ടും പരിഷ്കരിക്കേണ്ട സാഹചര്യം വസ്തുനികുതി നഷ്ടപ്പെടുത്തുന്ന സാഹചര്യമുണ്ടാക്കും. ഡേറ്റാ പ്യൂരിഫിക്കേഷൻ പൂർത്തിയാക്കിയിട്ടുണ്ടോയെന്ന് പ്രത്യേക പരിശോധനയിലൂടെ മാത്രമെ പരിശോധിച്ചുറപ്പാക്കാനാകൂ.

9) വസ്തുനികുതി നിർണ്ണയത്തിന് ശേഷമുള്ള പരിശോധനകൾ (പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ്) നടത്തുന്നില്ല:

കേരള പഞ്ചായത്ത് രാജ് കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ ചട്ടം -21 പ്രകാരം രണ്ട് നിലവരെയുള്ള താമസ കെട്ടിടങ്ങളും 50 ച.മീറ്റർ വരെയുള്ള വാണിജ്യ കെട്ടിടങ്ങളും മതപരമായ കെട്ടിടങ്ങളും ഗ്രൂപ്പ് G1, G1, I എന്നിവയിൽ ഉൾപ്പെട്ട കെട്ടിടങ്ങളും ഒഴികെയുള്ള എല്ലാ കെട്ടിടങ്ങൾക്കും ഒക്യുപൻസി സർട്ടിഫിക്കറ്റ് നൽകി 2 വർഷത്തിനുള്ളിൽ സെക്രട്ടറി പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള പരിശോധനകളൊന്നും തന്നെ നടത്തപ്പെടുന്നതായോ അനധികൃത നിർമ്മാണങ്ങളെയും

വസ്തുനികുതി നിർണ്ണയത്തിന് ശേഷം സ്വയമോ അല്ലാതെയോ സംഭവിക്കുന്നതും വസ്തുനികുതി വർദ്ധനവിന് കാരണമായേക്കാവുന്നതുമായ അധിക സൌകര്യങ്ങളെ തിരിച്ചറിയാതെ പോകുന്നതിനിടയാക്കുന്നുണ്ട്.

10) വസ്തുനികുതി:സാങ്കേതിമായ പിഴവുകൾ കാരണം വസ്തുനികുതി നഷ്ടമാകുന്നു :

കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം -6 പട്ടിക -6 പ്രകാരം കെട്ടിടങ്ങൾക്ക് 250 ചതുരശ്രമീറ്ററിലധികം മേൽത്തരം വസ്തുക്കളാൽ നിർമ്മിക്കപ്പെട്ട തറയാണുള്ളതെങ്കിൽ, അടിസ്ഥാനവസ്തുനികുതിയുടെ 15 ശതമാനം വർദ്ധനവ് ആകെ വസ്തുനികുതിയിൽ ഉൾപ്പെടുത്തേണ്ടതുണ്ട്. എന്നാൽ വാണിജ്യാവശ്യകെട്ടിടങ്ങളെ വിഭജിച്ച് ചെറിയ കെട്ടിടങ്ങളായി നമ്പർ നൽകുമ്പോൾ, ഓരോ കെട്ടിടവും 250 ചതുരശ്രമീറ്റർ വിസ്തൃതിക്ക് താഴെ വരുന്നതിനാൽ മേൽത്തരം തറനിർമ്മിതിയെന്ന് രേഖപ്പെടുത്തിയാൽകൂടി, കെട്ടിടത്തിന് ബാധകമാകേണ്ട 15 ശതമാനം വർദ്ധനവിൽ നിന്നും ഒഴിവാകുന്ന അവസ്ഥയാണുള്ളത്. (ചെറിയനാട് ഗ്രാമപഞ്ചായത്തിലെ ഡേറ്റയെ അടിസ്ഥാനപ്പെടുത്തിയുള്ള ഒരു ഉദാഹരണം ഖണ്ഡിക 1-12 ക്രമ നം.2 കാണുക). വിഷയം IKM ന്റെയും സർക്കാരിന്റെയും ശ്രദ്ധയിൽ കൊണ്ടുവരേണ്ടതാണ്.

11) സർക്കാർ ഉത്തരവ് പ്രകാരമുള്ള പുതിയ ഉപയോഗക്രമങ്ങൾക്ക് നിരക്ക് നിശ്ചയിച്ചിട്ടില്ല :

നിലവിലുള്ള ഉപയോഗക്രമങ്ങൾ നിർണ്ണയിക്കുമ്പോൾ ഉണ്ടാകുന്ന നികുതി ചോർച്ചകൾ, കാർഷികാവശ്യകെട്ടിടങ്ങളെ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കുക എന്നിവ ലക്ഷ്യമാക്കി പുതിയ നികുതി നിരക്കുകൾ സർക്കാർ ഉത്തരവ് മൂലം പുറപ്പെടുവിച്ചിരുന്നു. (18.11.19-ലെ സ.ഉ(അച്ചടിച്ചത്) 82/2019/ത.സ്വ.ഭ.വ പ്രകാരം താഴെപ്പറയുന്ന ഉപയോഗക്രമമുള്ള കെട്ടിടങ്ങൾക്ക് നികുതി നിരക്ക് നിശ്ചയിക്കുന്നതിന് നിർദേശിച്ചിരുന്നു.

1.വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കോമ്പൗണ്ടിൽ വരുന്നതും അതിന്റെ ആവശ്യങ്ങൾക്ക് മാത്രം ഉപയോഗിക്കുന്നതുമായ ആഡിറ്റോറിയം, കാന്റീൻ, വർക്ക് ഷോപ്പ്

2.ആയുർവേദ സുഖചികിത്സാകേന്ദ്രങ്ങൾ

കൂടാതെ 8.9.2020 ലെ സ.ഉ(അച്ചടിച്ചത്) 53/2020 ത.സ്വ.ഭ.വ. പ്രകാരം റസിഡൻഷ്യൽ ഹോംസ്റ്റേ ആയി ഉപയോഗിക്കുന്ന കെട്ടിടങ്ങൾക്ക് നികുതി നിരക്ക് നിശ്ചയിക്കുന്നതിനും നിർദ്ദേശിച്ചിരുന്നു).

ഉത്തരവുകൾ പ്രകാരം പുതുതായി ആറ് ഉപയോഗക്രമങ്ങൾ സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പുതുതായി ഉൾപ്പെടുത്തിയിട്ടുള്ളതും ഗ്രാമപഞ്ചായത്ത് സഞ്ചയ ഡേറ്റാ ബേസിൽ ഉൾപ്പെടുത്താത്തതുമായ ഉപയോഗക്രമങ്ങളുടെ കൂടിയതും കുറഞ്ഞതുമായ നിരക്കുകൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഉപയോഗക്രമം | കുറഞ്ഞ നിരക്ക് | കൂടിയ നിരക്ക് |
|---|---|---|---|
| 1 | സ്വകാര്യ ഹോസ്റ്റൽ, ഹോം സ്റ്റേ | 30 | 60 |
| 2 | വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കോമ്പൗണ്ടിൽ വരുന്നതും അതിന്റെ ആവശ്യങ്ങൾക്ക് മാത്രം ഉപയോഗിക്കുന്നതുമായ ആഡിറ്റോറിയം, കാന്റീൻ, വർക്ക് ഷോപ്പ് | 3 | 8 |
| 3 | ആയുർവേദ സുഖചികിത്സാകേന്ദ്രങ്ങൾ | 150 | 160 |
| 4 | റസിഡൻഷ്യൽ ഹോംസ്റ്റേ | 10 | 25 |

എന്നാൽ പുതിയതായി നിർവ്വചിക്കപ്പെട്ട ഈ ഉപയോഗക്രമങ്ങൾക്കൊന്നും ഗ്രാമപഞ്ചായത്ത് അടിസ്ഥാന വസ്തു നികുതി നിർണ്ണയിച്ച് സഞ്ചയ ഡേറ്റാബേസിൽ ഉൾപ്പെടുത്തിയില്ല (ഖണ്ഡിക നം.1-11 കൂടി കാണുക). അടിസ്ഥാന വസ്തുനികുതി നിരക്കുകൾ നിശ്ചയിച്ച് സഞ്ചയ ഡേറ്റാ ബേസിൽ ഉൾപ്പെടുത്തേണ്ടതാണ്.

12) മൊബൈൽ ടവറുകളെ വസ്തുനികുതി ചുമത്തുന്നതിൽ ഗുരുതരമായ വീഴ്ച :

ടെലികമ്മ്യൂണിക്കേഷൻ ടവറുകൾ അനുവാദം വാങ്ങി നിർമ്മാണം പൂർത്തീകരിച്ചവർ നികുതി നിർണ്ണയത്തിന് പഞ്ചായത്തിനെ സമീപിക്കാത്ത സാഹചര്യമുണ്ട്. കൂടാതെ ടവറുകളുടെ ബാറ്ററി, ഷെൽറ്റർ റൂമുകൾ വസ്തുനികുതി ചുമത്തപ്പെടാത്ത സാഹചര്യവും ചെറിയനാട് ഗ്രാമപഞ്ചായത്തിൽ നിലനിൽക്കുന്നുണ്ട് (ഖണ്ഡിക 1-14 കാണുക).

13) അനധികൃതമായ നികുതിയിളവ്

പഞ്ചായത്ത് രാജ് നിയമം, വിവിധ ഉത്തരവുകൾ എന്നിവ പ്രകാരം നിശ്ചയിച്ച കെട്ടിടങ്ങൾ മാത്രമല്ല വസ്തുനികുതി ഒഴിവുനേടുന്നത്. ആരാധനാലയങ്ങൾ എന്ന ഗണത്തിലും നികുതി ഉപനികുതി എന്നിവയിൽ നിന്ന് ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ എന്ന നിലയിലും ചില അയോഗ്യമായ കെട്ടിടങ്ങളെ ഉൾപ്പെടുത്തുക വഴി ഗ്രാമപഞ്ചായത്തിന് നികുതി നഷ്ടം ഉണ്ടായിട്ടുണ്ട് (ഖണ്ഡിക 1-16 കാണുക).
ഓഡിറ്റിന്റെ ശുപാർശകൾ:

1)തനതുവരുമാന വർദ്ധനവിനുള്ള നിർദ്ദേശങ്ങൾ ധനകാര്യസ്ഥിരം സമിതിയിൽ ഒരു അജണ്ടയായി ഉൾപ്പെടുത്തുന്നത് പരിഗണിക്കാവുന്നതാണ്.

2) നികുതി/നികുതി ഇതര വരവുകളുടെ അവലോകനം എല്ലാ ധനകാര്യ സ്ഥിരം സമിതി യോഗങ്ങളിലും അവതരിപ്പിക്കുന്നത് പരിഗണിക്കാവുന്നതാണ്.

3)അനധികൃത നിർമ്മാണം കണ്ടെത്തുന്നതുമായി ബന്ധപ്പെട്ട് ഒരു ഉപസമിതിയെ നിശ്ചയിച്ച് സ്ഥിരമായ റിപ്പോർട്ടിംഗ് ആവശ്യപ്പെടാവുന്നതാണ്.

4) പഞ്ചായത്ത് പരിധിയിലുള്ള പ്രൊഫഷണലുകളുടെ പട്ടിക തയ്യാറാക്കി ഡിമാൻഡ് ചെയ്യേണ്ടതാണ്.

5) തൊഴിൽ നികുതി ഡിമാൻഡും പിരിവും സോഫ്റ്റ്‌വെയർ അധിഷ്ഠിതമാക്കുന്നതിന് IKM നോട് ആവശ്യപ്പെടേണ്ടതാണ്.

6)വസ്തുനികുതി നിർണ്ണയത്തിന്റെയും പരിഷ്കരണത്തിന്റെയും ഡേറ്റാപ്യൂരിഫിക്കേഷൻ ഫീൽഡ്തല റിപ്പോർട്ടിനൊപ്പം നടത്തേണ്ടതാണ്.

7) ചട്ടങ്ങളിൽ നിർദ്ദേശിച്ചിട്ടുള്ള കെട്ടിടങ്ങൾക്ക് പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തണം.

8) സാങ്കേതികമായ പ്രശ്നങ്ങൾ IKM ന്റെ ശ്രദ്ധയിൽ കൊണ്ടുവരണം.

9) സർക്കാർ നിർദ്ദേശപ്രകാരമുള്ള ഉപയോഗക്രമങ്ങൾക്ക് സമയബന്ധിതമായി നിരക്ക് നിശ്ചയിച്ച് സഞ്ചയയിൽ ഉൾപ്പെടുത്തണം.


10) അനധികൃത നികുതിയിളവുകൾ പുന:പരിശോധിക്കണം.

11) മൊബൈൽ ടവറുകളെ വസ്തുനികുതി ചുമത്താത്തത് മൂലമുള്ള നഷ്ടം അടിയന്തിരമായി പരിഹരിക്കണം.

1-11 സർക്കാർ നിർദ്ദേശപ്രകാരമുള്ള എല്ലാ ഉപയോഗക്രമങ്ങൾക്കും വസ്തുനികുതി നിരക്ക് നിശ്ചിയിച്ചില്ല

വസ്തുനികുതി ചുമത്തുന്നതിലേക്കായി ഗ്രാമപഞ്ചായത്തുകൾ സർക്കാർ നിർദ്ദേശിക്കുന്ന ഓരോ ഇനം കെട്ടിടങ്ങൾക്കും അതിന്റെ ഉപവിഭാഗങ്ങൾക്കും ഒരു ചതുരശ്ര മീറ്റർ തറവിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധികൾ നിർദ്ദേശിക്കുന്നുണ്ട്. സർക്കാരിന്റെ ആദ്യ വിജ്ഞാപനത്തിനുശേഷം പുതിയ ഉപയോഗക്രമങ്ങളോ ഉപവിഭാഗങ്ങളോ നിർദ്ദേശിക്കപ്പെടുകയും നിരക്ക് നിർണ്ണയത്തിനുള്ള സൌകര്യം സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് ചില ഉപയോഗക്രമങ്ങളിൽ തീരുമാനം എടുത്ത് പുതിയതായി ഉൾപ്പെടുത്തിയ ഉപയോഗക്രമങ്ങൾക്കുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക് സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തിയിട്ടില്ല. ചെറിയനാട് ഗ്രാമപഞ്ചായത്തിലെ അടിസ്ഥാന

വസ്തുനികുതിനിരക്കുകൾ സഞ്ചയ സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തിയിട്ടുള്ള സ്ക്രീനിന്റെ ചിത്രം ചുവടെ ചേർക്കുന്നു.


SANCHAYA ചെറിയനാട് ഗ്രാമ പഞ്ചായത്ത് L S G D, Govt. of Kerala

Home Logout MINI K JOSE

Back

നികുതി വിവരങ്ങൾ രേഖപ്പെടുത്തുന്നതിനുള്ള സ്ക്രീൻ

| Sl.No | Function | Minimum Rate | Maximum Rate | Rate |
|---|---|---|---|---|
| 1 | പാർപ്പിടാവശ്യം | 3 | 8 | 8 |
| 2 | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ | 30 | 60 | 60 |
| 3 | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ | 50 | 70 | 70 |
| 4 | വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 30 | 60 | 60 |
| 5 | വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 70 | 90 | 90 |
| 6 | വാണിജ്യാവശ്യത്തിനുള്ളവ ബങ്കുകൾ , പെട്ടികടകൾ , കമ്പ്യൂട്ടർ സെന്റർ, ഫ്യൂവൽ സ്റ്റേഷൻ | 30 | 60 | 60 |
| 7 | ഓഫീസ് ആവശ്യത്തിനുള്ളവ (വ്യവസായ ശാലകളുടെ ഓഫീസ് കെട്ടിടം ഉൾപ്പടെ) | 30 | 50 | 50 |
| 8 | വിദ്യാഭ്യാസാവശ്യം | 3 | 8 | 8 |
| 9 | ആശുപത്രികൾ | 3 | 8 | 8 |
| 10 | അസംബ്ലി കെട്ടിടം,കൺവെൻഷൻ സെൻറർ,ആഡിറ്റോറിയം, കല്യാണ മണ്ഡപങ്ങൾ, ലോഡ്ജ് , സിനിമ തിയേറ്റർ | 20 | 40 | 40 |
| 11 | വ്യവസായത്തിനാവശ്യമുള്ളവ-കൈത്തറി ഷെഡ്, കയർ പിരി ഷെഡ് | 10 | 20 | 20 |
| 12 | ഇതര വ്യവസായങ്ങൾക്കാവശ്യമുള്ളവ | 40 | 60 | 60 |
| 13 | റിസോർട്ടുകൾ | 80 | 90 | 90 |
| 14 | അമ്യൂസ്മെൻറ് പാർക്ക് | 20 | 40 | 40 |
| 15 | മൊബൈൽ ടെലഫോൺ ടവർ | 400 | 500 | 500 |
| 16 | സ്വകാര്യ ഹോസ്റ്റൽ , ഹോംസ്റ്റേ | 30 | 60 | 60 |
| 17 | വിദ്യാഭ്യാസ സ്ഥാപനത്തിൻറെ കോമ്പൗണ്ടിൽ വരുന്നതും അതിൻറെ മാത്രം അവശ്യങ്ങൾക്ക് മാത്രം ഉപയോഗിക്കുന്നതുമായ ആഡിറ്റോറിയം , കാൻറീൻ,വർക്ക്ഷോപ്പ് | 3 | 8 | |
| 18 | മൈക്രോ സ്മാൾ ആൻറ് മീഡിയം എൻറർപ്രൈസസ് ഡെവലപ് മെൻറ് ആക്ട്,2006(2006 ലെ 27) പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ | 15 | 25 | |
| 19 | അയുർവേദ സുഖചികിത്സാകേന്ദ്രങ്ങൾ | 150 | 160 | |
| 20 | കാർഷികാവശ്യത്തിനുള്ളവ | 0 | 0 | |
| 21 | റസിഡൻഷ്യൽ ഹോം സ്റ്റേ | 10 | 25 | |

Save

## 1-12 മേൽത്തരം തറനിർമ്മിതിക്ക് ബാധകമാക്കേണ്ട വസ്തുനികുതി വർദ്ധനവ് പരിഗണിച്ചില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് നിയമം (വസ്തുനികുതിയും സേവനഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 6 പട്ടിക 6 അനുസരിച്ച് വിലയേറിയ സാധന സാമഗ്രികൾ കൊണ്ട് നിർമ്മിച്ച തറനിർമ്മിതിയുള്ളതും 250 ചതുരശ്രമീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ളതുമായ കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതിയിൽ 15 ശതമാനം വർദ്ധനവ് വരുത്തേണ്ടതായിട്ടുണ്ട്. എന്നാൽ സാധാരണ തറയെന്ന നിലക്കാണ് കെട്ടിടങ്ങളെ സഞ്ചയയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. മൊസൈക്ക്, തറയോട്, സിമന്റ്, മൺതറ എന്നിങ്ങനെയാണ് സാധാരണ തറയെ വിശദമാക്കിയിട്ടുള്ളത്. വലിയ കെട്ടിടങ്ങളുടെ തറനിർമ്മിതി മേൽത്തരം വസ്തുക്കളാ ലാണെന്നിരിക്കെ സാധാരണതറ എന്ന നിലക്ക് രേഖപ്പെടുത്തുക വഴി ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട വസ്തുനികുതി കുറയുന്നതിനിടയായിട്ടുണ്ട്. തറനിർമ്മിതിക്കനുസൃതമായി നികുതി വർദ്ധനവ് ചുമത്തപ്പെടാത്ത കെട്ടിടങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നമ്പർ | ഉടമയുടെ പേര് | വിസ്തൃതി |
|---|---|---|---|
| 1 | 15/474 A | പി.എൽ സരസമ്മ, കാശി തീർത്ഥം, മാമ്പ്ര വീട്, ഇടവങ്കാട് | 336.9 |
| 2 | 10/377 A, B, C | വി.എം രാജേന്ദ്രൻ, വല്ല്യേഴത്ത് കിഴക്കതിൽ | 266.12 |
| 3 | 7/374 E | സുജ മത്തായി, ജെസന് ലിൻസ സിജു കുരുമ്പോലിലിൽ ബഥേൽ ഭവൻ | 262.93 |
| 4 | 7/118 A | ദിലീപ് ഉമ്മൻ, ചിറയിൽ വലിയവീട്ടിൽ | 327.27 |

വിശദീകരണത്തിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം-27/11-08-23) ന് മറുപടി ലഭ്യാമക്കിയില്ല. വസ്തുനികുതി പുനർനിർണ്ണയിച്ചീടാക്കി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

## 1-13 റോഡ് വിസ്തൃതിക്കനുസൃതമായി അടിസ്ഥാന വസ്തുനികുതിയിൽ വർദ്ധനവ് ഉൾപ്പെടുത്തിയില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം-6 ൽ അടിസ്ഥാന വസ്തുനികുതിയിൽ വരുത്തേണ്ട ഇളവുകളും വർദ്ധനവുകളും വിശദമാക്കുന്നു. ടി ചട്ടത്തിലെ പട്ടിക -2 കെട്ടിടത്തിലേക്കുള്ള വഴി സൌകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള നികുതിയിളവ്/വർദ്ധനവ് അടിസ്ഥാന വസ്തുനികുതിയുടെ എത്ര ശതമാനമാണെന്നും വ്യക്തമാക്കുന്നു. 5 മീറ്ററോ അതിൽ കൂടുതലോ പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതിയിൽ 20 ശതമാനം വർദ്ധനവും 1.5 മീറ്ററിൽ താഴെയുള്ള വഴി സൌകര്യമുള്ള കെട്ടിടങ്ങൾക്കും പൊതുവായ വഴി സൌകര്യം ഇല്ലാത്ത കെട്ടിടങ്ങൾക്കും യഥാക്രമം 10, 20 ശതമാനം ഇളവുകളും നിർദ്ദേശിക്കുന്നുണ്ട്. 1.5 മീറ്റർ മുതൽ 5 മീറ്ററിൽ താഴെവരെ വഴിസൌകര്യത്തിന് ഇളവുകളോ വർദ്ധനവോ ഇല്ല.

എന്നാൽ പരിശോധനയിൽ കെട്ടിടങ്ങളുടെ കംപ്ലീഷൻ പ്ലാനിൽ രേഖപ്പെടുത്തിയിട്ടുള്ള വഴി സൌകര്യത്തിൽ നിന്നും വ്യത്യസ്തമായ രീതിയിൽ സഞ്ചയയിൽ വഴി സൌകര്യം രേഖപ്പെടുത്തുന്നതിനാൽ നികുതി നിർണ്ണയത്തിൽ കുറവ് ഉണ്ടായിട്ടുണ്ട്. ചുവടെ ചേർക്കുന്ന പട്ടികയിലെ എല്ലാ കെട്ടിടങ്ങൾങ്ങൾക്കും 1.5 മീറ്ററിൽ കൂടുതൽ വിസ്തൃതിയുള്ള വഴി സൌകര്യം എന്ന നിലക്കാണ് സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. കെട്ടിടത്തിന്റെ നമ്പരും ഉടമയുടെ പേരും ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നമ്പർ | ഉടമയുടെ പേര് | റോഡിന്റെ വിസ്തൃതി |
|---|---|---|---|
| 1 | 12/20 B | ഇബ്രാഹിം കുട്ടി റാവുത്തർ, അൻസാരി, ഹൌവ്വ ഉമ്മാൾ<br>മുകളയ്യത്ത് കിഴക്കതിൽ | 5 M |
| 2 | 3/207 | രഘു വി. ഡി., ചിത്തിര | 5m |
| 3 | 7/446 A | കെ.എൻ സുരേഷ്, തിരുവാതിര | 5m |
| 4 | 1/339 A | ശ്രീനിവാസൻ, ശ്രീനിവാസഭവനം | 5m |
| 5 | 9/159 A | വിശ്വനാഥൻ നായർ, ഇന്ദീവരം | 5 M |
| 6 | 6/202 B | രാഗേഷ് ആർ കൃഷ്ണ.,രജനി ആർ, മുതിരക്കാലായിൽ | 6m |
| 7 | 2/303 B | ബിനിൽ, മാധവം, ചെറിയനാട് | 8m |
| 8 | 15/44 | ജനാർദ്ധനൻ പിള്ള, തയ്യിൽ കിഴക്കതിൽ | 5m |
| 9 | 3/199 B | ചന്ദ്രപ്പൻ, വൽസല ചന്ദ്രപ്പൻ, പുതുപ്പറമ്പിൽ | 8m |
| 10 | 15/474 A | പി.എൽ സരസമ്മ, കാശി തീർത്ഥം, മാമ്പ്ര വീട്, ഇടവങ്കാട് | 5m |

വിശദീകരണം ലഭ്യമാക്കുന്നതിനായി ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.-26 തീയതി 11-08-23) നൽകിയിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയില്ല. റോഡ് വിസ്തൃതിക്കനുസൃതമായി കെട്ടിടങ്ങളെ വസ്തുനികുതി ചുമത്തി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

1-14 മൊബൈൽ ടവറുകളുടെ വസ്തുനികുതി - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല

മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവറുകളെ സംബന്ധിക്കുന്ന വിവരങ്ങൾ പൂർണ്ണമായി ഗ്രാമപഞ്ചായത്തിന്റെ കൈവശമില്ല. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 19/10/2014 ലെ സർക്കുലർ നം.-40395/RC2/2014/LSGD (വിജിലൻസ് ഡിപ്പാർട്ട്മെന്റിന്റെ ശുപാർശ) പ്രകാരം അനധികൃത മൊബൈൽ ടവറുകളെ കണ്ടെത്തി വസ്തുനികുതി ചുമത്തുന്നതിന് ഗ്രാമപഞ്ചായത്ത് സ്പെഷ്യൽ ഡ്രൈവ് നടത്തി മുഴുവൻ ടെലികമ്മ്യൂണിക്കേഷൻ ടവറുകളെയും വസ്തുനികുതി ഡേറ്റാബേസിലേക്ക് ഉൾപ്പെടുത്തി നികുതി ചുമത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല. സഞ്ചയ ഡേറ്റാബേസ് പ്രകാരം 12 മൊബൈൽ ടവറുകളാണ് ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ളത്.

1-14-1 വസ്തുനികുതി ചുമത്തപ്പെടാത്ത മൊബൈൽ ടവർ പ്രവർത്തിക്കുന്നു

ഓഡിറ്റ് ടീമിന്റെ ആവശ്യപ്രകാരം ഗ്രാമപഞ്ചായത്ത് പരിശോധന നടത്തി ശ്രീമതി സലീല ഉണ്ണിത്താൻ, പുത്തൻ പുരക്കൽ എന്നയാളുടെ ഉടമസ്ഥതയിലുള്ള വസ്തുവിൽ (ആറാം വാർഡ്) റിലയൻസ് ജിയോ ഇൻഫ്രാടെൽ പ്രൈവറ്റ് ലിമിറ്റഡിന്റെ ഉടമസ്ഥതയിലുള്ള മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവർ സ്ഥാപിക്കപ്പെട്ടിട്ടുള്ളതായി ഗ്രാമപഞ്ചായത്ത് രേഖാമൂലം അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് അന്വേഷണക്കുറിപ്പ് 24 നുള്ള മറുപടി). എന്നാൽ ഈ മൊബൈൽ ടവറിന്റെ വസ്തുനികുതി ഗ്രാമപഞ്ചായത്ത് നിർണ്ണയിച്ച് ഈടാക്കുന്നില്ല. ഈ ടവർ നിർമ്മാണം സംബന്ധിക്കുന്ന പെർമിറ്റ്/ഇന്റിമേഷൻ വിവരങ്ങളോ പൂർത്തീകരിച്ചത് സംബന്ധിക്കുന്ന വിവരങ്ങളോ ഇതേവരെ ഗ്രാമപഞ്ചായത്തിൽ അറിയിച്ചിട്ടില്ല. ഓഡിറ്റ് വിഭാഗം ചൂണ്ടി കാണിക്കുമ്പോൾ മാത്രമാണ് ഗ്രാമപഞ്ചായത്ത് വിവരങ്ങൾ അന്വേഷിക്കുന്നതും ഓഡിറ്റിന് റിപ്പോർട്ട് ചെയ്യുന്നതും. ഈ മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവറിനെ വസ്തുനികുതി ചുമത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ സർക്കുലർ അനുശാസിക്കും പ്രകാരമുള്ള സ്പെഷ്യൽ ഡ്രൈവ് നടത്തി അനധികൃത ടെലികമ്മ്യൂണിക്കേഷൻ ടവർ നിർമ്മിതികൾ ഗ്രാമപഞ്ചായത്തിൽ ഇല്ലായെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

1-14-2 ടവർ ബേസ് മാത്രം ഉൾപ്പെടുത്തിയുള്ള മൊബൈൽ ടവറിന്റെ വസ്തുനികുതി നിർണ്ണയം - ഗ്രാമപഞ്ചായത്തിന് വസ്തുനികുതിയിനത്തിൽ 5088/- രൂപയുടെ നഷ്ടം

3/356 Aഎന്ന നമ്പരിലായി വസ്തുനികുതി നിർണ്ണയിച്ചപ്പോൾ ടവറിന്റെ വിസ്തൃതി മാത്രം കണക്കാക്കിയാണ് വസ്തുനികുതി നിർണ്ണയിച്ചതെന്ന് കാണുന്നു. ഷെൽറ്റർ റൂം, ഡിജി റൂം എന്നിവ വസ്തുനികുതി നിർണ്ണയത്തിന് കണക്കിലെടുത്തതായി കാണുന്നില്ല. കംപ്ലീഷൻ പ്ലാൻ പ്രകാരമുള്ള ഏരിയ സ്റ്റേറ്റ്മെന്റ് ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | ടവർ (3.2x3.2) | 10.24 |
| 2 | ഷെൽറ്റർ (3x4) | 12 |
| 3 | ഡിജി റൂം(1x1.3) | 1.3 |
| | ആകെ | 21.78 |

എന്നാൽ ഷെൽട്ടർ, ഡി.ജി.റൂം എന്നിവ ഉൾപ്പെടുന്ന 13.3 ചതുരശ്രമീറ്ററിന് മാത്രമാണ് വസ്തുനികുതി ചുമത്തിയിട്ടുള്ളത്. ഇത് ഗ്രാമപഞ്ചായത്തിന് ചുവടെ ചേർക്കും പ്രകാരം വസ്തുനികുതി നഷ്ടമുണ്ടാക്കി.

| ചുമത്തിയ വിസ്തൃതി/ നികുതി | ചുമത്തേണ്ട വിസ്തൃതി/ വസ്തുനികുതി | കുറവ് വന്ന നികുതി |
|---|---|---|
| 13.3 ച.മീ<br>@500/SqM<br>വസ്തുനികുതി- 6650 + 1330 (20% - 5m Above Road) | 13.3 ച.മീ<br>@500/SqM<br>വസ്തുനികുതി-10890 + 2178 (20% - 5m Above Road) = 13068 | വസ്തുനികുതി-5088<br>സേവന ഉപനികുതി-151 |

| | | |
|---|---|---|
| =7980<br>സേവന ഉപനികുതി-503 | സേവന ഉപനികുതി-654 | |

മൊബൈൽ ടവറുകളുടെ പ്രവർത്തനത്തിന് ജനറേറ്റർ മറ്റനുബന്ധ ഉപകരണങ്ങൾ എന്നിവ അനിവാര്യമായതിനാൽ മൊബൈൽ ടവറുകളുടെ തറവിസ്തീർണ്ണം, ജനറേറ്റർ മറ്റ് അനുബന്ധ ഉപകരണങ്ങൾ എന്നിവ സ്ഥാപിച്ചിരിക്കുന്ന തറയുടെ വിസ്തീർണ്ണം എന്നതിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതി കണക്കാക്കാവുന്നതാണെന്ന് തദ്ദേശ സ്വയംഭരണവകുപ്പിന്റെ ആർ ഡി 3/94/2020/ ത.സ്വ.ഭ.വ. നമ്പർ സർക്കുലർ പ്രകാരം സർക്കാർ സ്പഷ്ടീകരണം നൽകിയിട്ടുള്ളതാണ്. യഥാർത്ഥ വിസ്തൃതിയുടെ (ബേസ് ഭാഗം, ബാറ്ററി, ജനറേറ്റർ റൂം, ഷെൽറ്റർ റൂം ഉൾപ്പെടെ) അടിസ്ഥാനത്തിൽ വസ്തുനികുതി കണക്കാക്കി കുടിശ്ശിക സഹിതം ഈടാക്കേണ്ടതും വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതുമാണ്.

നിരവധി മൊബൈൽ ടവർ ഉടമകൾ നികുതി ശൃംഖലക്ക് പുറത്താണ് എന്നത് വലിയ വരുമാന ചോർച്ചക്കിടയാക്കുന്നു. മേൽ വിഷയങ്ങൾ പരിഹരിക്കുന്നതിനൊപ്പം ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള മുഴുവൻ മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവറുകളെയും സർക്കാർ നിർദ്ദേശാനുസരണമുള്ള വസ്തുനികുതി ചുമത്തുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

ഈ വിഷയത്തിൽ അടിയന്തിരമായി നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

1-15 സ്പോർട്ട്സ് ടർഫിന് വസ്തുനികുതി ചുമത്തിയില്ല

ചെറിയനാട് ഗ്രാമപഞ്ചായത്തിന്റെ 7-ാം വാർഡിൽ #7SPORTS TURF എന്ന പേരിൽ 21.04.2022-ൽ ഒരു സ്പോർട്സ് ടർഫ് ഉദ്ഘാടനം ചെയ്യപ്പെട്ടിട്ടുണ്ട്. ടർഫിലെ ചില കെട്ടിടങ്ങളെ മുൻപ് വസ്തു നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ ഏകദേശം 200 $M^2$ വിസ്തൃതിയുള്ള പ്ലേ ഗ്രൌണ്ടിന് (Synthetic Turf) വസ്തു നികുതി ചുമത്തിയിട്ടില്ല. നിലവിൽ സ്പോർട്സ് ടർഫുകൾക്ക് വസ്തുനികുതി നിരക്ക് നിശ്ചയിക്കപ്പെട്ടിട്ടുണ്ട് (സ.ഉ.(അച്ചടി)നം.25/2023/LSGD/5-4-2023 കാണുക). ടർഫിന്റെ വിശദാംശങ്ങൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറുപ്പിന് (നം.8/22-23 തീയതി 08-08-2023) ലഭ്യമാക്കിയ മറുപടിയിൽ ടി നിർമ്മിതികളെ വസ്തുനികുതി ചുമത്തുന്നതാണെന്നറിയിച്ചിട്ടുണ്ട്. ഈ സ്പോർട്സ് ടർഫ് നിർമ്മിതികളെ വസ്തുനികുതി ചുമത്തി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

1-16 ആരാധനാലയങ്ങളുടെ പേരിൽ അനധികൃത ഇളവുകൾ പരിശോധനാവിധേയമാക്കണം

1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207 - 1 (എ) പ്രകാരം പൊതു ആരാധനക്കായി നീക്കിവച്ചിട്ടുള്ളതും യഥാർത്ഥത്തിൽ അപ്രകാരം ഉപയോഗിക്കുന്നതും അല്ലെങ്കിൽ അനുബന്ധ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതുമായ കെട്ടിടങ്ങളെ വസ്തുനികുതി, ഉപനികുതി എന്നിവയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ സഞ്ചയ ഡേറ്റാ ബേസ് പരിശോധിച്ചതിൽ നിരവധി കെട്ടിടങ്ങളെ ആരാധനാലയം എന്ന നിലക്ക് ഉൾപ്പെടുത്തിയിട്ടുള്ളതായി വ്യക്തമായി. പ്രധാന ആരാധന കെട്ടിടത്തോടൊപ്പമുള്ള ഊട്ടുപുരകൾ, സദ്യാലയങ്ങൾ, പാരിഷ് ഹാളുകൾ, പാർസ്സനേജുകൾ, മറ്റു ഹാളുകൾ എന്നിവയൊന്നും തന്നെ ഇളവിനർഹമല്ലായെന്നിരിക്കെ ഒരേ ആരാധനാലയത്തിന്റെ ഉടമസ്ഥതയിൽ നിരവധി കെട്ടിടങ്ങളെ വസ്തുനികുതി ചുമത്തലിൽ നിന്നും ഒഴിവാക്കിയതായി കാണുന്നു. ചില ഉദാഹരണങ്ങൾ മാത്രം ചുവടെ ചേർക്കുന്നു.

*1) സെന്റ് മേരീസ് ഓർത്തഡോക്സ് ചർച്ച് എന്ന പേരിൽ 1/79, 150, 151 എന്നീ കെട്ടിടങ്ങൾ.*

*2) 3/84, 85 എന്നീ കെട്ടിടങ്ങൾ (SNDP ഗുരുമന്ദിരത്തിന്റെ പേരിലുള്ളതാണ്).*

*3) ദേവസ്വം ബോർഡിന്റെ ഉടമസ്ഥതയിലുള്ള യഥാർത്ഥ ആരാധനാലയം ഒഴികെയുള്ള അനുബന്ധ കെട്ടിടങ്ങൾ (ദേവസ്വം ഓഫീസ്, സദ്യാലയം മുതലായവ).*

*(പട്ടിക അപൂർണ്ണം)*

ആരാധനാലയങ്ങൾക്ക് നൽകുന്ന ഇളവുകൾ യഥാർത്ഥ ആരാധന നടക്കുന്ന കെട്ടിടത്തിന് മാത്രമാണ് ലഭിക്കുന്നതെന്ന് ഉറപ്പാക്കുന്നതിന് ഈ ഗണത്തിലെ മുഴുവൻ കെട്ടിടങ്ങളെയും പുന:പരിശോധനാവിധേയമാക്കി, ആരാധനാലയം അല്ലാത്തവയെ വസ്തുനികുതി ചുമത്തി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

1-17 തൊഴിൽ നികുതി- ഡിമാൻഡ് പൂർണ്ണമാണോയെന്ന് പരിശോധിക്കുവാനുള്ള സാഹചര്യം വിനിയോഗിച്ചില്ല

24 ജീവനക്കാർക്ക് (സ്ഥിരം/ദിവസവേതന അടിസ്ഥാനത്തിലുള്ളവർ) തൊഴിൽ നികുതി ചുമത്തിയിട്ടില്ല. കോളേജ് ലഭ്യമാക്കുന്ന പട്ടിക മറ്റ് സാധ്യതകൾ ഉപയോഗപ്പെടുത്തി പരിശോധിക്കുന്നതിന് ഗ്രാമപഞ്ചായത്ത് മുതിരാതിരുന്നത് ഗ്രാമപഞ്ചായത്തിന് തൊഴിൽ നികുതി ഇനത്തിൽ നഷ്ടമുണ്ടാക്കി. ചെങ്ങന്നൂർ എസ്.എൻ കോളേജിലെ അദ്ധ്യാപക/അനദ്ധ്യാപക ജീവനക്കാരുടെ തൊഴിൽ നികുതി സംബന്ധിച്ച പട്ടികയും ടി സ്ഥാപനത്തിന്റെ ഔദ്യോഗിക വെബ്സൈറ്റിലെ അദ്ധ്യാപക/അനദ്ധ്യാപക ജീവനക്കാരുടെ പട്ടികയും തമ്മിൽ വലിയ അന്തരമുള്ളതായി കാണുന്നു.

I) സ്ഥിരം അദ്ധ്യാപകർ

| | | |
|---|---|---|
| 1 | Ms.സ്നേഹ സുരേഷ് | അസിസ്റ്റന്റ് പ്രൊഫസർ |
| 2 | Dr. നിഷാദ് എ | അസിസ്റ്റന്റ് പ്രൊഫസർ |
| 3 | Dr. മഹിമ.എസ് | അസിസ്റ്റന്റ് പ്രൊഫസർ |

*II) കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന അധ്യാപകർ*

| | | |
|---|---|---|
| 1 | ശ്രീ.അജയ് | അസിസ്റ്റന്റ് പ്രൊഫസർ (കരാർ നിയമനം) |
| 2 | ശ്രീമതി ശ്രീല എസ് | അസിസ്റ്റന്റ് പ്രൊഫസർ (കരാർ നിയമനം) |
| 3 | ശ്രീമതി രാധിക ഗോപിനാഥൻ | അസിസ്റ്റന്റ് പ്രൊഫസർ (കരാർ നിയമനം) |
| 4 | ശ്രീമതി ഷെഹിന ഷാജി | അസിസ്റ്റന്റ് പ്രൊഫസർ (കരാർ നിയമനം) |
| 5 | ശ്രീമതി ആതിര | അസിസ്റ്റന്റ് പ്രൊഫസർ (കരാർ നിയമനം) |
| 6 | ശ്രീ. വിജേഷ് വിജയൻ | അസിസ്റ്റന്റ് പ്രൊഫസർ (കരാർ നിയമനം) |
| 7 | ശ്രീമതി സൂര്യ എം | അസിസ്റ്റന്റ് പ്രൊഫസർ (കരാർ നിയമനം) |
| 8 | ശ്രീമതി ദീപ്തി ആചാര്യ | അസിസ്റ്റന്റ് പ്രൊഫസർ (കരാർ നിയമനം) |

| | | |
|---|---|---|
| 9 | ശ്രീമതി രജനി എൻ | അസിസ്റ്റന്റ് പ്രൊഫസർ (കരാർ നിയമനം) |
| 10 | ശ്രീജ്യോതിഷ് എസ് | അസിസ്റ്റന്റ് പ്രൊഫസർ (കരാർ നിയമനം) |
| 11 | ശ്രീ.പ്രഹ്ലാദൻ കെ.കെ | അസിസ്റ്റന്റ് പ്രൊഫസർ (കരാർ നിയമനം) |
| 12 | ഡോ.അജിത്കുമാർ എസ് | അസിസ്റ്റന്റ് പ്രൊഫസർ (കരാർ നിയമനം) |
| 13 | ശ്രീമതി ഗ്രേസ് മോസസ് | അസിസ്റ്റന്റ് പ്രൊഫസർ (കരാർ നിയമനം) |

III) നോൺ ടീച്ചിംഗ് സ്റ്റാഫ്

കോളേജിന്റെ വനിത ഹോസ്റ്റലുമായി ബന്ധപ്പെട്ട താഴെ പറയുന്ന ജീവനക്കാരെ തൊഴിൽ നികുതി ചുമത്തിയില്ല.

| | | |
|---|---|---|
| 1 | ശ്രീമതി സുമ ബാബു | ഹോസ്റ്റൽ മേട്രൺ |
| 2 | സുനിത വി | കുക്ക് |
| 3 | രാജി പി ആർ | കുക്ക് |
| 4 | മിനിമോൾ വി കെ | ഹെൽപ്പർ |
| 5 | ദിവാകരൻ ഡി | വാച്ച്മാൻ |

ലഭ്യമാക്കിയ പട്ടികയിൽ ഉൾപ്പെടാത്ത ഓഫീസ് സ്റ്റാഫ്

| | | |
|---|---|---|
| 1 | ശ്രീ. എൻ അനിൽകുമാർ | ക്ലർക്ക് |
| 2 | ശ്രീമതി രശ്മി ആർ | ക്ലർക്ക് |
| 3 | ശ്രീമതി നേഹ എസ്. | ക്ലർക്ക് |

സ്ഥാപനത്തിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ ഉൾപ്പെട്ട ഈ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

1-18 തൊഴിൽ നികുതി- എല്ലാ സാധ്യതകളും ഉപയോഗപ്പെടുത്തുന്നില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 204, 205 വകുപ്പുകൾ അവയുടെ കീഴിൽ ഉണ്ടാക്കിയ 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ അറുപത് ദിവസത്തിൽ കുറയാതെ ബിസിനസ് നടത്തുന്നവരോ തൊഴിലിൽ ഏർപ്പെടുന്നവരോ ആയ ഏതൊരു സ്ഥാപനം/വ്യക്തിയിൽ നിന്നും ചട്ടങ്ങളിൽ നിഷ്കർഷിക്കും പ്രകാരം അവരുടെ ആദായം അല്ലെങ്കിൽ വിറ്റുവരവ് ആസ്പദമാക്കി ഓരോ അർദ്ധവർഷവും തൊഴിൽ നികുതി ചുമത്തേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് ഈ ഇനത്തിൽ ലഭിക്കാവുന്ന മുഴുവൻ തൊഴിൽ നികുതി വരുമാനവും ഈടാക്കുന്നതിന് ശ്രമിക്കുന്നില്ല. ഗ്രാമപഞ്ചായത്ത് പരിധിയിൽ നിരവധി സ്ഥാപനങ്ങൾ പുതിയതായി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. എന്നാൽ ഈ സ്ഥാപനങ്ങളെയൊന്നും തന്നെ തൊഴിൽ നികുതി ഡിമാൻഡ് ചെയ്യുന്നതിന് കഴിഞ്ഞിട്ടില്ല. സ്ഥാപനങ്ങളുടെ പേര് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ധനകാര്യ പണമിടപാട് സ്ഥാപനങ്ങൾ

1)ജി & ജി ഫിനാൻസ്

2)ചേരിതെക്കേതിൽ ഫിനാൻസ്

3)കാരുണ്യ ഫിനാൻസ്

4)ചേരിതെക്കേതിൽ ഫിനാൻസ്, കൊല്ലകടവ്

5)ചേരിതെക്കേതിൽ ഫിനാൻസ്, ചെറിയനാട്

6)ചെങ്ങന്നൂർ നിധി ലിമിറ്റഡ്, ചെറിയനാട്

7)ശ്രീപദം ഫൈനാൻസിയേഴ്സ്

8)നല്ലവീട്ടിൽ ഫൈനാൻസിയേഴ്സ്

9)ഷൈൻ ഗോൾഡ് ലോൺസ്, കൊല്ലകടവ്

സ്ഥാപനങ്ങളെയും ജീവനക്കാരെയും തൊഴിൽ നികുതി ചുമത്തേണ്ടതാണ്.

II) ഗ്രാമപഞ്ചായത്തിന്റെ പദ്ധതി പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ക്ഷീരസംഘങ്ങൾ

1) ചെറിയനാട് ക്ഷീരോത്പാദക സഹകരണസംഘം A171 (D) APCOS

2) ഇടമുറി ക്ഷീരോത്പാദക സഹകരണസംഘം A215(D) APCOS

3) ആലക്കോട് ക്ഷീരോത്പാദക സഹകരണസംഘം A125 (D) APCOS

4) തുരുത്തിമേൽ ക്ഷീരോത്പാദക സഹകരണസംഘം A178 (D) APCOS

സ്ഥാപനങ്ങളെയും ജീവനക്കാരെയും തൊഴിൽ നികുതി ചുമത്തേണ്ടതാണ്.

III തൊഴിൽ നികുതി ചുമത്തപ്പെടാതെ പോകുന്ന മറ്റു തൊഴിലിടങ്ങൾ

A) സബ് രജിസ്ട്രാർ ഓഫീസുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ആധാരം എഴുത്തുകാരെയും ആധാരം എഴുത്ത് ഓഫീസിലെ ജീവനക്കാരെയും തൊഴിൽ നികുതി ചുമത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല.

B)ലൈസൻസ് സംബന്ധിക്കുന്ന രജിസ്റ്റർ പ്രകാരം 7/154 എന്ന നമ്പരിലുള്ള കെട്ടിടത്തിൽ സഞ്ജീവനി മൾട്ടി സ്പെഷ്യാലിറ്റി ഹോസ്പിറ്റലിന്റെ കാന്റീൻ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഈ കാന്റീനിൽ നിന്നുള്ള ജീവനക്കാരുടെ തൊഴിൽ നികുതി ചുമത്തിയതായി കാണുന്നില്ല. ടി കാന്റീനിലെ ജീവനക്കാരെ തൊഴിൽ നികുതി ചുമത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

മേൽ പരാമർശിക്കപ്പെട്ട സ്ഥാപനങ്ങളെയും സ്ഥാപനങ്ങളിലെ ജീവനക്കാരെയും തൊഴിൽ നികുതി ചുമത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-19 തൊഴിൽ നികുതി- കുടിശ്ശിക ഈടാക്കിയില്ല

1-19-1) ജീവനക്കാരുടെ തൊഴിൽ നികുതി

തൊഴിൽ നികുതി ഡിമാൻഡ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ചുമത്തിയതായി രേഖപ്പെടുത്തലുകളില്ല. തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ രസീത് നം. സഹിതം മറുപടി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.-10/08-8-23) മറുപടി ലഭ്യമാക്കിയില്ല. സ്ഥാപനങ്ങളുടെ പേരും നികുതി ഒടുക്കിയിട്ടില്ലാത്ത അർദ്ധവർഷവും ചുവടെ ചേർക്കുന്നു.

1)ART ലീസിംഗ് ലിമിറ്റഡ്, ചെറിയനാട് I & II

2)ഗ്രേറ്റ് ഇൻഡ്യ ലിമിറ്റഡ്-കൊല്ലകടവ്-I & II

3)സപ്ലൈകോ, ചെറിയനാട്-I & II

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റ് വകുപ്പിനെ

അറിയിക്കേണ്ടതാണ്.

1-19-2) സ്ഥാപനങ്ങളുടെ തൊഴിൽ നികുതി

തൊഴിൽ നികുതി ഡിമാൻഡ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപനങ്ങൾക്ക് ബാധകമായ തൊഴിൽ നികുതി ചുമത്തിയതായി രേഖപ്പെടുത്തലുകളില്ല. തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ രസീത് നമ്പർ സഹിതം മറുപടി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.-10/08-8-23) മറുപടി ലഭ്യമാക്കിയില്ല. സ്ഥാപനങ്ങളുടെ പേരും നികുതി ഒടുക്കിയിട്ടില്ലാത്ത അർദ്ധവർഷവും ചുവടെ ചേർക്കുന്നു.

1)കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് II - 1250

2)കൊശമറ്റം ഫിനാൻസ്, കൊല്ലകടവ് I & II – 2500

3)ART ലീസിംഗ് ലിമിറ്റഡ്, ചെറിയനാട് I & II-2500

4)മുളമൂട്ടിൽ ഫൈനാൻസ്, ചെറിയനാട്-I & II-2500

5)സപ്ലൈകോ, ചെറിയനാട്-I & II- 2500

6)മുല്ലശ്ശേരി നേഴ്സിംഗ് ഹോം-I & II – 2500

മേൽ സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

1-20 ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയില്ല,മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നുണ്ടോയെന്ന് ഉറപ്പ് വരുത്തുന്നില്ല

1996 ലെ കേരള പഞ്ചായത്ത് രാജ് ലൈസൻസ് ചട്ടങ്ങൾ (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും നൽകുന്ന ലൈസൻസ്) പ്രകാരം 2022-23 വർഷത്തെ ലൈസൻസിനായി 02/2022 ലും 03/2022 ലും അഡ്വാൻസായി അപേക്ഷ സമർപ്പിച്ചിട്ടുണ്ടെങ്കിലും 01.04.2022 ന് ശേഷമാണ് ഫീസടപ്പിച്ച് ലൈസൻസ് ഇഷ്യൂ ചെയ്തിട്ടുള്ളത്. ഇപ്രകാരം രണ്ട് മാസത്തോളം ലൈസൻസ് അപേക്ഷകളിൽ തീർപ്പാക്കാതെ 01.04.2022 ന് ശേഷം ലൈസൻസ് ഇഷ്യൂ ചെയ്തതിനാൽ അഡ്വാൻസ് കളക്ഷൻ ഇനത്തിൽ വരവില്ല. അതിനാൽ തൻ വർഷ കളക്ഷൻ മാത്രമാണ് ഡിമാന്റ് രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ളത്.

പഞ്ചായത്ത് പ്രദേശത്ത് യഥാർത്ഥത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. സഞ്ജയ സോഫ്റ്റ്‌വെയർ പ്രകാരം 1298 വാണിജ്യ കെട്ടിടങ്ങൾ നിലവിലുള്ളപ്പോൾ 298 സ്ഥാപനങ്ങളാണ് ലൈസൻസ് എടുത്തിട്ടുള്ളത്. യഥാർത്ഥത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വാർഡ് അടിസ്ഥാടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റിന്റെ അഭാവത്തിൽ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളും 2022-23 വർഷം ലൈസൻസ് എടുത്തിട്ടുണ്ടോയെന്നും ലൈസൻസ് ഫീസ് പൂർണ്ണമായി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടുണ്ടോ എന്നും പരിശോധിക്കാനായിട്ടില്ല. പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കാനാവശ്യമായ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

പഞ്ചായത്ത് പരിധിയിൽ 2 മാവേലി സ്റ്റോറുകളും റേഷൻ കടകളും കള്ള് ഷാപ്പുകളും പ്രവർത്തിക്കുന്നുണ്ടെങ്കിലും ഓഡിറ്റ് വർഷം ഇവയൊന്നും ലൈസൻസ് എടുത്തിട്ടില്ല. ടി വിഷയത്തിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.20/09.08.2023) മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടില്ലായെന്നും ഭാവിയിൽ അപാകത ആവർത്തിക്കില്ലായെന്നും അറിയിച്ചിട്ടുണ്ട്.

ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി പഞ്ചായത്തിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കാനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

1-21 വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ആവശ്യമായ മോട്ടോർ ഫീസ് ഈടാക്കിയില്ല

1) III/255 ൽ പ്രവർത്തിച്ച് വരുന്ന 'സുപ്രിയ ടയർ വർക്സ്' എന്ന ടയർ റീട്രേഡിംഗ് സ്ഥാപനം (ക്രമ നം. 163, എസ്.സുധാകരൻ, മുടിയിൽ, പുലിയൂർ) 6 HP മോട്ടോർ ഉപയോഗിച്ച് പ്രവർത്തിക്കുന്നതായി മലിനീകരണ നിയന്ത്രണ ബോർഡിന്റെ 8.6.2022 ലെ KSPCB/AL/ ICO/10003231/2022 നമ്പർ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ടി സ്ഥാപനത്തിൽ നിന്നും ആവശ്യമായ മോട്ടോർ ഫീസ് ഈടാക്കിയില്ല.

2) I/404 ൽ പ്രവർത്തിച്ച് വരുന്ന 'ആരതി സോഫ്റ്റ് ഡ്രിക്സ്' എന്ന സോഡാ നിർമ്മാണ യൂണിറ്റ് (ക്രമ നം. 178, ശശിധരൻ.എം.കെ) 1 HP മോട്ടോർ ഉപയോഗിച്ച് പ്രവർത്തിക്കുന്നതായി അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ടി സ്ഥാപനത്തിൽ നിന്നും ആവശ്യമായ മോട്ടോർ ഫീസ് ഈടാക്കിയില്ല.

അപാകതയിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.20/9.8.2023) മറുപടി ഹാജരാക്കിയില്ല. അപാകത പരിഹരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-22 വാടക കണക്കിൽ കൃത്യതയില്ല,അരിയർ ഡിമാന്റ് തയ്യാറാക്കിയിട്ടില്ല

വാടക രജിസ്റ്റർ പ്രകാരം തൻവർഷത്തെ വാടക ഡിമാന്റ് 933965/- രൂപയും കളക്ഷൻ 769488/- രൂപയും ബാലൻസ് 164477/- രൂപയുമാണ്. എന്നാൽ ടി കണക്കുകൾ വാർഷിക ധനകാര്യ പത്രികയിലെ കണക്കുമായി പൊരുത്തമില്ല. വാടക കുടിശ്ശിക ലഭിക്കാനുള്ളതായി വാർഷിക ധനകാര്യ പത്രികയിൽ രേഖപ്പെടുത്തിയിട്ടില്ല. വാടക അരിയറായി 81162/- രൂപ കളക്ഷൻ ലഭിച്ചതായി വാർഷിക ധനകാര്യ പത്രികയിൽ കാണുന്നു. എന്നാൽ വാടക രജിസ്റ്ററിൽ അരിയർ ഡി.സി.ബി തയ്യാറാക്കിയിട്ടില്ല. അരിയർ ഡിമാന്റ് ഇല്ലാതെ അരിയർ കളക്ഷൻ എങ്ങനെ ലഭിച്ചുവെന്ന് വ്യക്തമല്ല. കൃത്യമായ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുക കണക്കാക്കി രജിസ്റ്ററിൽ രേഖപ്പെടുത്തി അതേ തുകകൾ വാർഷിക ധനകാര്യപത്രികയിലും ഉൾപ്പെടുത്താനാവശ്യമായ നടപടികൾ സ്വീകരിക്കണ്ടതാണ്.

1-23 വാടക സംബന്ധമായ അപാകതകൾ

1)കടമുറികൾ ലേലം ചെയ്തില്ല, വാടക വരുമാനം നഷ്ടപ്പെടുന്നു.

താഴെപ്പറയുന്ന കടമുറികൾ ഓഡിറ്റ് വർഷം വാടകയ്ക്ക് നൽകാതെ ഒഴിഞ്ഞ് കിടന്നതായി കാണുന്നു.

| കടമുറി നിൽക്കുന്ന സ്ഥലം | കട മുറി നമ്പർ |
|---|---|
| തുരുത്തിമേൽ മാർക്കറ്റ് | 7 |
| കൊല്ലകടവ് മാർക്കറ്റ് മെയിൻ ബ്ലോക്ക് | 4, 5, 6, 7, 8, 9, 10, 12, 16 |
| കൊല്ലകടവ് മാർക്കറ്റ് 'സി' ബ്ലോക്ക് | 14 |
| കൊല്ലകടവ് മാർക്കറ്റ് 'ഡി' ബ്ലോക്ക് | 19A, 19B, 19C, 19D, 19E, 19F |

ടി മുറികൾ ലേലത്തിൽ നൽകാൻ നടപടി സ്വീകരിച്ചതായി കാണുന്നില്ല. സ്ഥല പരിശോധനയിൽ കൊല്ലകടവ് മാർക്കറ്റ് മെയിൻ ബ്ലോക്കിലെ 4-ാം നമ്പർ മുറിയിൽ എക്കോ ഷോപ്പും 8, 9, 10 നമ്പർ കടമുറിയിൽ സപ്ലൈകോ സ്റ്റോറും വാടകരഹിതമായി പ്രവർത്തിക്കുന്നതായി കണ്ടെത്തി. ഒഴിഞ്ഞ് കിടക്കുന്ന കടമുറികൾ ലേലത്തിൽ നൽകാനാവശ്യമായ സത്വര നടപടികൾ സ്വീകരിക്കേണ്ട താണ്.

2)വാടക തുച്ഛം - ലേലം കൊടുത്തിട്ടുള്ള ഭൂരിഭാഗം കടമുറികൾക്കും തുശ്ചമായ വാടകയാണ് നിലവിൽ ഈടാക്കി വരുന്നത്. മാത്രവുമല്ല, നിയമാനുസൃത ലേലമോ കരാറോ കൂടാതെ കടമുറികൾ കയ്യേറി ഉപയോഗിക്കുന്നു.

താഴെപ്പറയുന്ന കടമുറികൾ വിവിധ വ്യക്തികൾക്ക് വാടകയ്ക്ക് നൽകിയെങ്കിലും വാടക യഥാസമയം

ഒടുക്കിയതായി കാണുന്നില്ല.

| കടമുറി നിൽക്കുന്ന സ്ഥലം | കടമുറി നമ്പർ | വാടക | റിമാർക്സ് |
|---|---|---|---|
| തുരുത്തിമേൽ മാർക്കറ്റ് | 1 | 323 | തുകയൊന്നും ഒടുക്കിയില്ല |
| | 4 | 290 | |
| | 5 | 287 | |
| | 6 | 487 | |
| | 8 | 394 | |
| | 3 | 767 | 10/2022 വരെ ഒടുക്കി |
| | 11 | 260 | 02/2023 വരെ ഒടുക്കി |
| | 12 | 300 | 07/2022 വരെ ഒടുക്കി |
| കൊല്ലകടവ് മാർക്കറ്റ് | | | |
| കൊല്ലകടവ് മാർക്കറ്റ് 'സി' ബ്ലോക്ക് | 13 | 1838 | തുകയൊന്നും ഒടുക്കിയില്ല |
| കൊല്ലകടവ് മാർക്കറ്റ് 'ഡി' ബ്ലോക്ക് | 16, 17, 18 | 4630 | തുകയൊന്നും ഒടുക്കിയില്ല |
| കൊല്ലകടവ് മാർക്കറ്റ് 'ഡി' ബ്ലോക്ക് | 23 | 1100 | തുകയൊന്നും ഒടുക്കിയില്ല |
| കൊല്ലകടവ് മാർക്കറ്റ് 'ഇ' ബ്ലോക്ക് | 2 | 1208 | തുകയൊന്നും ഒടുക്കിയില്ല |
| കൊല്ലകടവ് മാർക്കറ്റ് 'ഇ' ബ്ലോക്ക് | 5 | 850 | 06/2022 വരെ ഒടുക്കി |
| കൊല്ലകടവ് മാർക്കറ്റ് 'ഇ' ബ്ലോക്ക് | 7 | 578 | തുകയൊന്നും ഒടുക്കിയില്ല |

സ്ഥല പരിശോധനയിൽ തുരുത്തിമേൽ മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് മെയിൻ ബ്ലോക്കിൽ രണ്ട് നിലകളിലായി 10 കടമുറികളും 2 ഹാളും സമീപത്ത് സ്ഥിതി ചെയ്യുന്ന വനിതാ ക്യാന്റീൻ കെട്ടിടത്തിൽ രണ്ട് ഷട്ടർ മുറികളും ഇതിന് സമീപം സ്ഥിതി ചെയ്യുന്ന മത്സ്യ മാർക്കറ്റിൽ 2 ഷട്ടർ അടങ്ങിയ വലിയ ഒരു ഹാളും ഉൾപ്പെടുന്നതായി കണ്ടെത്തി. ഇതിൽ വനിതാ ക്യാന്റീനായി നിർമ്മിച്ച കെട്ടിടവും മത്സ്യ മാർക്കറ്റിലെ ഹാളും ഷോപ്പിംഗ് കോംപ്ലക്സിലെ നിരവധി മുറികളും ഉപയോഗിക്കാതെ പൂട്ടിയിട്ടിരിക്കുന്നതായി കണ്ടെത്തി. ഷോപ്പിംഗ് കോംപ്ലക്സ് മെയിൻ ബ്ലോക്കിലെ 12 മുറികളിൽ വെറും 4 സ്ഥാപനങ്ങൾ മാത്രമാണ് പ്രവർത്തിക്കുന്നത്. വാടകയ്ക്ക് എടുത്ത വ്യക്തികളുമായി പഞ്ചായത്ത് നിയമാനുസൃതം കരാർ ചമച്ചതായി രേഖയില്ല. പല മുറികളും വ്യക്തമായ കരാറോ ലേലമോ കൂടാതെ അനധികൃതമായി കൈവശം വെച്ചിട്ടുള്ളതായി ഭൗതിക പരിശോധനയിൽ ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ഉച്ചമായ

വാടകയ്ക്കാണ് എല്ലാ മുറികളും വാടകക്കാർ കൈവശം വെച്ചിട്ടുള്ളത്. തുച്ഛമായ വാടകയായിട്ടും വാടക കൃത്യമായി ഒടുക്കുന്നില്ല. അടിസ്ഥാന ലേല തുക പരിഷ്കരിച്ച് ഒഴിഞ്ഞ് കിടക്കുന്ന കടമുറികളുടെ ലേലം യഥാസമയം നടത്തി വാടകയ്ക്ക് നൽകാൻ നടപടി സ്വീകരിച്ചില്ല. കടമുറികളുടെ ലേലം നടത്തി വാടക കാലാനുസൃതമായി പരിഷ്കരിക്കാതിരുന്നതുമൂലമാണ് കടമുറികൾ തുച്ഛമായ വാടകയ്ക്ക് നൽകാനിടയായത്. കൃത്യമായി വാടക ഒടുക്കാതെ കുടിശ്ശിക വരുത്തിയവർക്കെതിരെ മറ്റ് നിയമ നടപടിയൊന്നും സ്വീകരിച്ചതായും രേഖയില്ല.



തുച്ഛമായ വാടകയ്ക്ക് കൈമാറിയിട്ടുള്ള തുരുത്തിമേൽ മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടം

തുരുത്തിമേൽ മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സിലെ ഒഴിഞ്ഞ് കിടക്കുന്നതും അനധികൃതമായി കൈയ്യേറിയതും മാർക്കറ്റിൽ മേൽ പട്ടികയിൽ പരാമർശിക്കപ്പെട്ട വാടക കുടിശ്ശിക വരുത്തിയവരേയും വാടക ഒടുക്കാതെ കടമുറികൾ കൈയ്യടക്കി വെച്ചിരിക്കുന്നവരേയും അടിയന്തിരമായി ഒഴിപ്പിച്ച് അടിസ്ഥാന ലേല തുക വർദ്ധിപ്പിച്ച് പുതുതായി ലേലത്തിൽ നൽകാൻ നടപടി സ്വീകരിക്കേണ്ടതും വാർഷിക വാടക വർദ്ധന ഉൾപ്പെടെയുള്ള നിബന്ധനകൾ കരാറിന്റെ ഭാഗമാക്കേണ്ടതുമാണ്. തുരുത്തിമേൽ ജംഗ്ഷൻ സാംസ്കാരിക നിലയം അറ്റകുറ്റപ്പണി നടത്തിയ വേളയിൽ പഴയ ഗ്രില്ല് മാറ്റി പുതിയത് സ്ഥാപിച്ചപ്പോൾ പൊളിച്ചതിന്റെ അവശിഷ്ടങ്ങൾ സാംസ്കാരിക നിലയത്തിന്റെ കൊമ്പൗണ്ടിൽ തുറസ്സായ സ്ഥലത്ത് കൂട്ടിയിട്ടിരിക്കുന്നതിനാൽ തുരുമ്പെടുത്ത് നശിച്ചുകൊണ്ടിരിക്കുന്നു. ടി അവശിഷ്ടങ്ങൾ അസിസ്റ്റന്റ് എഞ്ചിനീയറുടെ മൂല്യനിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ ലേലം ചെയ്യാൻ നാളിതുവരെ നടപടി സ്വീകരിച്ചില്ല.



തുരുത്തിമേൽ സാംസ്കാരിക നിലയത്തിന്റെ പൊളിച്ചുമാറ്റിയ പഴയ ഗ്രിൽ

കൊല്ലകടവ് മാർക്കറ്റിൽ ഇറച്ചി വ്യാപാരം, മത്സ്യ മാർക്കറ്റ്, പച്ചക്കറി മൊത്ത വ്യാപാരം, കന്നുകാലി ചന്ത, മറ്റ് വാണിജ്യ സ്ഥാപനങ്ങൾ എന്നിവ പ്രവർത്തിക്കുന്നു. ഓഡിറ്റ് വർഷം ഇറച്ചി വെട്ട് ലേലം ചെയ്തിട്ടില്ല. എന്നാൽ കന്നുകാലി ചന്തയോടൊപ്പം അനധികൃതമായി ഇറച്ചി വെട്ടും നടക്കുന്നതായി ഭൗതിക പരിശോധനയിൽ ബോദ്ധ്യപ്പെട്ടിട്ടുണ്ട്. കൂടാതെ നിരവധി കടമുറികൾ ഒഴിഞ്ഞ് കിടക്കുന്നതായും വാടകയ്ക്കെടുത്ത കടക്കാർ തന്നെ സമീപത്തെ ഒഴിഞ്ഞ് കിടക്കുന്ന കടമുറികളും ഉപയോഗിക്കുന്നതായി ബോദ്ധ്യപ്പെട്ടിട്ടുണ്ട്. പുതിയ ബ്ലോക്കിലെ റൂഫ് ഗാർഡനിൽ കുങ്ഫു & യോഗ പ്രവർത്തിക്കുന്നുണ്ടെങ്കിലും ടി സ്ഥാപനം വാടകയോ ലൈസൻസ് ഫീസോ ഒടുക്കിയതായി രേഖയില്ല.




കൊല്ലകടവ് മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് മെയിൻ ബ്ലോക്ക്, പച്ചക്കറി, മത്സ്യ മാർക്കറ്റ്

കൊല്ലകടവ് മാർക്കറ്റിൽ മേൽ പട്ടികയിൽ പരാമർശിക്കപ്പെട്ട വാടക കുടിശ്ശിക വരുത്തിയവരേയും വാടക ഒടുക്കാതെ കടമുറികൾ കൈയ്യടക്കി വെച്ചിരിക്കുന്നവരേയും അടിയന്തിരമായി ഒഴിപ്പിച്ച് പുതുതായി ലേല നടപടികൾ സ്വീകരിച്ച് പഞ്ചായത്തിന്റെ പ്രധാന വരുമാന സ്രോതസ്സായ വാടക വരുമാനം വർദ്ധിപ്പിക്കാനാവശ്യമായ സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

## 1-24 മാർക്കറ്റ് രസീത് - ലേലം കൊണ്ടവർ ലേലതുക പൂർണ്ണമായി ഒടുക്കിയില്ല

2022-23 വർഷത്തെ കൊല്ലകടവ് മാർക്കറ്റ് ഫീസ് പിരിവ് (ആല-രാമപുരം സസ്യ മത്സ്യ വിൽപനക്കാരുടെ ഗേറ്റ് ഫീസ്) 828000/- രൂപയ്ക്ക് ലേലം കൊണ്ടത് സിദ്ദിഖ്, ഷെമീർ മൻസിൽ എന്ന വ്യക്തിയാണ്. ടിയാൾ ആകെ 722342/- രൂപ മാത്രമാണ് നാളിതുവരെ ഒടുക്കിയത്. ലേലം കൊണ്ട വ്യക്തി 105658/- രൂപ ഇനിയും ഒടുക്കാൻ അവശേഷിക്കുന്നു. ലേല കുടിശ്ശിക പലിശ സഹിതം ഈടാക്കാനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്. ലേല ഡയറിയിൽ ലേലം സംബന്ധിച്ച വിശദാംശങ്ങൾ രേഖപ്പെടുത്തുന്നില്ല. ലേലം കൊണ്ടവർ ഒടുക്കിയ ഫീസ്, രസീത് നമ്പർ, തീയതി തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ പോലും ലേല ഡയറിയിൽ രേഖപ്പെടുത്തുന്നില്ല.

മേൽ അപാകതയിന്മേൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.13/9.8.2023) മറുപടി ഹാജരാക്കിയില്ല. ലേല തുക കൃത്യമായി ഒടുക്കാൻ ശ്രദ്ധിക്കേണ്ടതും ലേലവസ്തുക്കൾ യഥാസമയം ലേലം ചെയ്ത് വരുമാനം വർദ്ധിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-25 ഇ-പേയ്മെന്റ് അക്കൌണ്ടിൽ നിന്നും നിശ്ചിത തുക മാറ്റി നിക്ഷേപിക്കുന്നത് പഞ്ചായത്തിന് ഗുണകരം

ഗ്രാമപഞ്ചായത്തിലേക്ക് ഇ-പേയ്മെന്റ് മുഖാന്തിരം ലഭിക്കുന്ന തുകകൾ എസ്.ബി.ഐ. യിലെ കറന്റ് അക്കൌണ്ടിലേക്കാണ് വരുന്നത്. 31-03-2023 ലെ കണക്കുകൾ പ്രകാരം ഈ SBI അക്കൌണ്ടിൽ (നം.-36977733112) 22,21,814/-രൂപ നീക്കി ബാക്കിയുണ്ട്. കറന്റ് അക്കൌണ്ട് ആയതിനാൽ ഈ നിക്ഷേപത്തിന് ഗ്രാമപഞ്ചായത്തിന് പലിശ ലഭിക്കുകയില്ല. ഒരു നിശ്ചിത തുക നിലനിർത്തികൊണ്ട് ബാക്കി തുക പലിശ ലഭിക്കുന്ന അക്കൌണ്ടിലേക്ക് മാറ്റി നിക്ഷേപിക്കുന്നത് പഞ്ചായത്ത് സമിതിയുടെ അനുമതിയോടെ പരിഗണിക്കാവുന്നതാണ്. നിലവിലെ നീക്കിബാക്കിയിൽ നിന്നും 20,00,000/- രൂപ

പലിശ ലഭിക്കുന്ന സേവിംഗ്സ് ബാങ്ക് അക്കൌണ്ടിലേക്ക് മാറ്റി നിക്ഷേപിക്കുന്നത് പരിഗണിച്ചാൽ ഗ്രാമപഞ്ചായത്തിന് 60000/-രൂപ വാർഷികമായി പലിശ ലഭിക്കും (മൂന്ന് ശതമാനം നിരക്കിൽ കണക്കാക്കിയാൽ). സ്വീകരിക്കുന്ന നടപടികൾ ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

1-26 തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്- നിലവിലില്ലാത്ത ഇൻകാൻഡസെന്റ് ബൾബുകളുടെ നിരക്ക് ഈടാക്കി കെ.എസ്.ഇ.ബി - അടിയന്തിര ഇടപെടലുകൾ അനിവാര്യം

ഗ്രാമപഞ്ചായത്ത്, തെരുവ് വിളക്കുകളുടെ വൈദ്യുതി ബിൽ ഇനത്തിൽ താരതമ്യേന വലിയ തുക ഒടുക്കുന്നുണ്ട്. തെരുവ് വിളക്കുകളുടെ വൈദ്യുതി ബിൽ അടക്കുന്നതിലേക്കായി 2022-23 വർഷം ആകെ 14,54,306/- രൂപ ചെലവഴിച്ചു. തെരുവ് വിളക്കുകളുടെ മീറ്ററിംഗ് ഗ്രാമപഞ്ചായത്ത് തുക നിക്ഷേപിച്ചിട്ടുണ്ടോയെന്ന് വ്യക്തമല്ല. എന്നാൽ നിലവിലും മീറ്ററിംഗ് ഇല്ലാത്ത തെരുവ് വിളക്കുകൾ എന്ന നിലയിലാണ് തെരുവ് വിളക്കുകളുടെ ബില്ലിംഗ് രീതി. കെ.എസ്.ഇ.ബി കൊല്ലകടവ് ഇലക്ട്രിക്കൽ സെക്ഷൻ ലഭ്യമാക്കുന്ന പ്രതിമാസ ബില്ലിന്റെ അടിസ്ഥാനത്തിലാണ് തെരുവ് വിളക്കുകളുടെ വൈദ്യുതി ബിൽ അടക്കുന്നത് (കൺസ്യൂമർ നം-1155374000218). എന്നാൽ ഗ്രാമപഞ്ചായത്തിന്റെ തെരുവ് വിളക്കുകളുടെ വൈദ്യുതി ബില്ലിലെ *കണക്റ്റ് ലോഡ്* (61429*Watts)* നെ സാധൂകരിക്കുന്ന തെരുവ് വിളക്കുകളുടെ തരം, എണ്ണം എന്നിവ സംബന്ധിക്കുന്ന വിവരങ്ങൾ പഞ്ചായത്ത് സൂക്ഷിക്കുന്നില്ല. ഓഡിറ്റ് ബാച്ചിന്റെ നിർദ്ദേശത്തെ തുടർന്ന്(ഓഡിറ്റ് എൻക്വയറി നം-19/22-23 തീയതി 09-08-23) കെ.എസ്.ഇ.ബി. കൊല്ലകടവ് ഇലക്ട്രിക്കൽ സെക്ഷൻ ബില്ലിംഗിന് പരിഗണിക്കുന്ന തെരുവ് വിളക്കുകളുടെ എണ്ണം, തരം എന്നിവ ലഭ്യമാക്കി. ലഭ്യമാക്കിയ കണക്കിൽ 856 സാധാരണ ബൾബുകളും 186 ഫ്ലൂറസെന്റ് ട്യൂബുകളും ഉൾപ്പെടുന്നു. കഴിഞ്ഞ കുറെ വർഷങ്ങളായി ഗ്രാമപഞ്ചായത്ത് LED വിളക്കുകൾ മാത്രമാണ് വാങ്ങി സ്ഥാപിക്കുന്നത്. 2021-22 ലെ വാർഷിക പ്രോജക്റ്റിന്റെ ഭാഗമായുള്ള തെരുവ് വിളക്ക് മെയിന്റനൻസ് പ്രോജക്റ്റിലും നിരവധി LED ബൾബുകൾ വാങ്ങി സ്ഥാപിച്ചു. എന്നാൽ കെ.എസ്.ഇ.ബി.യുടെ കണക്കുകളിൽ ഒരു എൽ.ഇ.ഡി ബൾബ് പോലും ഉൾപ്പെടുന്നില്ല. ഗ്രാമപഞ്ചായത്ത് പരിധിയിൽ സാധാരണ ഇൻകാൻഡസെന്റ് ബൾബുകൾ ഉണ്ടായിരിക്കുവാൻ സാധ്യതയില്ലായെന്നിരിക്കെ ഉയർന്ന വൈദ്യുത ഉപഭോഗവും ഉയർന്ന പ്രതിമാസ നിരക്കുമുള്ള ഇനം തെരുവ് വിളക്കുകളുടെ പ്രതിമാസ നിരക്ക് ഉൾപ്പെടുത്തിയ ബില്ലുകളാണ് ഗ്രാമപഞ്ചായത്തിന് നൽകുന്നത്. സംയുക്ത പരിശോധന നടത്താത്തതും ഗ്രാമപഞ്ചായത്ത് മാറ്റി സ്ഥാപിക്കുന്ന തെരുവ് വിളക്കുകളുടെ എണ്ണം കൃത്യമായി അക്കൌണ്ട് ചെയ്യാത്തതുമൂലവും വളരെ ഉയർന്ന പ്രതിമാസ വൈദ്യുത ബില്ലാണ് ഗ്രാമപഞ്ചായത്തിന് ലഭിക്കുന്നത്. (Ref-07/23 ലെ ബിൽ നം.- 55372300701321) സംയുക്ത പരിശോധനയുടെ അഭാവം അയഥാർത്ഥമായ കണക്കുകളിലൂടെ കെ.എസ്.ഇ.ബി. ബില്ലിംഗ് നടത്തുന്നതിനും ഗ്രാമപഞ്ചായത്തിന് തെരുവ് വിളക്കുകളുടെ ബിൽ തുക ഉയരുന്നതിനുമിടയാക്കി.

കൊല്ലകടവ് കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ ലഭ്യമാക്കിയ കണക്കുകൾ പ്രകാരം ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ എണ്ണം, തരം, കണക്റ്റഡ് ലോഡ് എന്നിവ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ട്രീറ്റ് ലൈറ്റിന്റെ തരം | എണ്ണം | വാട്ട്സ് | ആകെ വാട്ട്സ് |
|---|---|---|---|---|
| 1 | CFL: Automatic On /Off - 4x11 | 86 | 44 | 3784 |
| 2 | CFL: Automatic On /Off - 1x15 | 13 | 15 | 195 |
| 3 | Sodium Vapour Lamp 1x150 | 3 | 150 | 450 |

| ക്രമ നം. | സ്ട്രീറ്റ് ലൈറ്റിന്റെ തരം | എണ്ണം | വാട്ട്സ് | ആകെ വാട്ട്സ് |
|---|---|---|---|---|
| 4 | Sodium Vapour Lamp 1x250 | 8 | 250 | 2000 |
| 5 | Fluorescent Tube-2x40 | 186 | 80 | 14880 |
| 6 | Ordinary Bulb -1x40 | 652 | 40 | 26080 |
| 7 | Ordinary Bulb -1x60 | 159 | 60 | 9540 |
| 8 | Ordinary Bulb -1x100 | 45 | 100 | 4500 |
| ആകെ | | - | | 61429 |

നിലവിലുള്ള വൈദ്യുതവിളക്കുകൾ ഊർജ്ജ ഉപഭോഗം കുറഞ്ഞവയിലേക്ക് മാറ്റുകയും പുതിയതായി സ്ഥാപിക്കുന്നവ ഊർജ്ജ ഉപഭോഗം കുറഞ്ഞവയാക്കിയിട്ടും വൈദ്യുതി വിളക്കുകളുടെ പ്രതിമാസ ബില്ലിലെ കണക്റ്റഡ് ലോഡ് വർദ്ധിച്ച് വരുന്ന അവസ്ഥയാണുള്ളത്. ഓരോ വൈദ്യുത പോസ്റ്റിലും നിലവിലുള്ള വൈദ്യുത വിളക്കിന്റെ തരം ഗ്രാമപഞ്ചായത്തിന്റെ കൈവശമില്ലാത്തത് കാരണം കെ.എസ്.ഇ.ബി. അധികൃതർ നൽകുന്ന പ്രതിമാസ താരിഫ് നിരക്ക് കൂടിയ ഇൻകാൻഡസെന്റ്, ഫ്ലൂറസെന്റ്, സോഡിയം വേപ്പർ തെരുവ് വിളക്കുകൾ ഉൾപ്പെടുത്തിയുള്ള ഭാരിച്ച വൈദ്യുതി ബിൽ ഒടുക്കേണ്ട അവസ്ഥയാണ്.


തെരുവ് വിളക്കുകളുടെ 12 മണിക്കൂറുള്ള പ്രതി ദിന ഉപഭോഗത്തിനുള്ള പ്രതിമാസ നിരക്ക് ചുവടെ ചേർക്കുന്നു. (2020-21 ൽ ബാധകമായത്-കേരള സംസ്ഥാന ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ OP No.15/018 Dtd.08-07-19 കാണുക).

| Type Of Lamp | Watts | 12 മണിക്കൂർ ഉപഭോഗത്തിനുള്ള പ്രതിമാസ നിരക്ക് |
|---|---|---|
| Ordinary | 100 W | 406 |
| F.Tube | 2x 40 W | 326 |
| CFL | 15W | 46 |
| LED | 24 W | 41 |
| F.Tube | 1x 40 W | 159 |
| F.Tube | 2x 40 W | 326 |
| LED | 18 W | 27 |

(പട്ടിക പൂർണ്ണമല്ല)

ഊർജ്ജ ഉപഭോഗം കുറഞ്ഞ LED വിളക്കുകളുടെ ആറ് മടങ്ങ് വൈദ്യുതി നിരക്ക് ഓർഡിനറി വിളക്കുകൾക്ക് KSEB ഈടാക്കുന്നുണ്ട്. ഈ നിരക്ക് വ്യത്യാസം വ്യക്തമാക്കുന്നതിനായി ഒരു 2x40 Watts ഫ്ലൂറസെന്റ് ട്യൂബും 18 Watts LED ബൾബും തമ്മിലുള്ള 12 മണിക്കൂർ പ്രതിമാസ നിരക്കിന്റെ താരതമ്യം മേൽ പരാമർശിച്ച താരിഫ് നിരക്കിനെ ആസ്പദമാക്കി ചുവടെ ചേർക്കുന്നു.

## *2x40 watts ഫ്ലൂറസെന്റ്ട്യൂബും 18 Watts LED ബൾബും തമ്മിലുള്ള 12 മണിക്കൂർ പ്രതിമാസ നിരക്കിന്റെ താരതമ്യം*




ഒരു സാധാരണ ബൾബു (Ordinary Incandescent Bulb) പോലും ഗ്രാമപഞ്ചായത്തിലില്ല എന്നിരിക്കെ 856 സാധാരണ ഇൻകാൻഡസെന്റ് ബൾബുകൾ, 186 ഫ്ലൂറസെന്റ് ട്യൂബുകൾ തുടങ്ങിയ ഉയർന്ന ഉപഭോഗ നിരക്കുള്ള തെരുവ് വിളക്കുകൾ പഞ്ചായത്ത് പരിധിയിലുണ്ടെന്ന രീതിയിൽ ബില്ലിംഗ് നടത്തുന്ന കെ.എസ്.ഇ.ബി. ഗ്രാമപഞ്ചായത്തിൽ നിന്നും അധിക നിരക്ക് ഈടാക്കുന്നു. ഇത് പരിഹരിക്കുന്നതിനുള്ള ശ്രമങ്ങൾ നാളിതുവരെയുണ്ടായിട്ടില്ലായെന്നത് ഗ്രാമപഞ്ചായത്തിന്റെ ഉത്തമതാൽപര്യങ്ങൾക്ക് വിരുദ്ധമാണ്.

പഞ്ചായത്തിന്റെ തെരുവ് വിളക്കുകളുടെ കറന്റ് ചാർജ് ഏകപക്ഷീയമായി വൈദ്യുത ബോർഡ് തീരുമാനിക്കുന്ന രീതിയിലാണ് നടപ്പാക്കപ്പെടുന്നത്. ചെറിയനാട് ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ ബില്ലിംഗിന് ആധാരമാക്കുന്ന *തെരുവ് വിളക്കുകളുടെ തരം, വാട്ടേജ്, എണ്ണം (ട്യൂബ്, ഡബിൾ ട്യൂബ്, സോഡിയം വേപ്പർ ലാമ്പ്, സി.എഫ്.എൽ, സി.എഫ്.എൽ-ഡബിൾ, എൽ.ഇ.ഡി) എന്നീ വിവരങ്ങൾ* കെ.എസ്.ഇ.ബി അധികൃതരുമായുള്ള സംയുക്തപരിശോധന മുഖാന്തിരം സ്ഥിരീകരിച്ച് സ്ട്രീറ്റ് ലൈറ്റ് ബിൽതുക ക്രമീകരിക്കുന്നതിനുള്ള അടിയന്തിര ഇടപെടലുകൾ ഉണ്ടാകേണ്ടതാണ്. ഗ്രാമപഞ്ചായത്ത് സമിതിയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിലുണ്ടാകേണ്ടതും സ്വീകരിച്ച നടപടികളുടെ പുരോഗതി ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതുമാണ്.

## 1-27 കെ.എസ്.ഇ.ബി. യുമായി ചേർന്നുള്ള നിക്ഷേപ പ്രവൃത്തികൾ- ആവശ്യാധിഷ്ഠിതമല്ലാത്ത ഫണ്ട് വിനിയോഗം-തുടർ പരിശോധനകൾ അനിവാര്യം

ഗ്രാമപഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് വൈദ്യുത തൂണുകൾ നാട്ടി വൈദ്യുത ലൈൻ വലിക്കുന്നതിന് (സ്ട്രീറ്റ് മെയിൻ എക്സ്റ്റെൻഷൻ) വിവിധ വർഷങ്ങളിൽ ഗ്രാമപഞ്ചായത്ത് പ്രോജക്റ്റ് ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ട്. കഴിഞ്ഞ രണ്ട് വർഷങ്ങളിലെ ഇത്തരം പ്രോജക്റ്റുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു. (സുലേഖ അടിസ്ഥാനമാക്കി തയ്യാറാക്കിയത്)

| പ്രോജക്റ്റ് നം. | പ്രോജക്റ്റ് പേര് | തുക | റിമാർക്ക്സ് |
|---|---|---|---|

| | | | |
|---|---|---|---|
| 155/22-23 | സ്ട്രീറ്റ് ലൈറ്റ് എക്സ്റ്റൻഷൻ അധിക തുക നൽകൽ - വാർഡ് 14 ൽ OH Line വലിക്കൽ തുരുത്തിമേൽ മൃഗാശുപത്രി പടി-പെരുമ്പ കിഴക്ക് പാടശേഖര മധ്യം | തനത് ഫണ്ട് (44625) | 44625/- രൂപയുടെ വിനിയോഗം ഹാജരാക്കി. മുൻപുള്ള മുൻകൂറിൽ പ്രവർത്തിക്ക് ശേഷം ബാക്കി നിൽക്കുന്ന 60,690/- രൂപ ഉൾപ്പെടെ 1,05,315/- രൂപയുടെ താണ് ആകെ എസ്റ്റിമേറ്റ്. ഏത് പ്രവൃത്തിയുടെ ബാക്കി നിൽക്കുന്ന തുകയാണിതെന്ന് വ്യക്തമല്ല. |
| 102/21-22 | വിവിധ വാർഡുകളിലെ സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ, ഉൾപ്പെടെയുള്ള ജോലികൾ | 9,53,800 (ധനകാര്യ കമ്മീഷൻ അവാർഡ്) | വിനിയോഗ വിവരങ്ങൾ ഹാജരാക്കിയിട്ടില്ല. |

രണ്ട് പ്രോജക്റ്റ് പ്രകാരവും നടപ്പാക്കാനുദ്ദേശിക്കുന്ന പ്രവൃത്തിയുടെ പൂർണ്ണ വിവരങ്ങൾ ഫയലുകളിൽ ലഭ്യമല്ല.

നിലവിൽ സ്ട്രീറ്റ് മെയിൻ ഇല്ലാത്ത ജനവാസമേഖലകൾ ഏതെല്ലാമെന്നുള്ള വിവരങ്ങൾ ഗ്രാമപഞ്ചായത്തിൽ പക്കലിലില്ല. ഗ്രാമപഞ്ചായത്ത് അംഗങ്ങളുടെ നിർദ്ദേശപ്രകാരം പഞ്ചായത്ത് സമിതി തീരുമാനം എടുക്കുകയും കെ.എസ്.ഇ.ബിയിൽ നിന്നും എസ്റ്റിമേറ്റ് വാങ്ങി തുക നിക്ഷേപിക്കുകയുമാണ് ചെയ്ത് വരുന്നത്. മിക്ക എസ്റ്റിമേറ്റുകളിലും വാർഡിന്റെ നമ്പർ അല്ലാതെ റോഡിന്റെ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ഏതെല്ലാം വർക്കുകൾക്കാണ് എസ്റ്റിമേറ്റ് എടുത്ത് KSEB യിൽ തുക നിക്ഷേപിച്ചിട്ടുള്ളതെന്ന് രേഖപ്പെടുത്തിയ ഒരു രജിസ്റ്റർ ഗ്രാമപഞ്ചായത്ത് സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ധനവിനിയോഗത്തിന്റെ കൃത്യത മനസിലാക്കാനാകില്ല.

വിവിധ വാർഡുകളിലെ പാടശേഖരങ്ങൾക്ക് നടുവിലൂടെ വരെ സ്ട്രീറ്റ്മെയിൻ സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ രണ്ടാം വാർഡിൽ 16 പോസ്റ്റുകൾ സ്ഥാപിച്ച് ഒരു ലൈൻ എക്സ്റ്റൻഷൻ KSEB നടത്തിയിട്ടുണ്ട്. ഏത് പ്രോജക്റ്റ് പ്രകാരമുള്ള പ്രവൃത്തിയാണിതെന്നുള്ള വിവരങ്ങൾ ലഭ്യമായില്ല. നിലവിൽ ഇത് ചാർജ് ചെയ്തിട്ടില്ല. ലൈൻ വലിച്ച ഒരു വീട് പോലും ഇല്ലാത്ത, കൃഷി ഇല്ലാത്ത വിശാലമായ ഒരു പാടശേഖരത്തിന് നടുവിലൂടെയുള്ള റോഡിനും സ്ട്രീറ്റ് മെയിനും സമീപഭാവിയിൽ ഉപയോഗയോഗ്യമാക്കാനാകില്ല എന്നത് വ്യക്തമാണ്. ടി പ്രവൃത്തിയുടെ ചിത്രം ചുവടെ ചേർക്കുന്നു.




ഉപയോഗക്ഷമമാക്കാൻ ആകാത്ത വിധത്തിൽ സ്ഥാപിക്കപ്പെട്ട വൈദ്യുതലൈനുകൾ

രണ്ടാം വാർഡിൽ 16 പോസ്റ്റുകൾ സ്ഥാപിച്ച് നടത്തിയ ലൈൻ എക്സ്റ്റൻഷൻ ഏത് പ്രോജക്ട് പ്രകാരമാണ് നടപ്പാക്കിയത്, പദ്ധതിയുടെ നമ്പർ, ചെലവ്, ടി പ്രോജക്ട് ഗ്രാമസഭ ശുപാർശ ചെയ്തിരുന്നോ? എന്നുള്ള വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

സമാനമായ ലൈൻ എക്സ്റ്റെൻഷനുകൾ നടത്തുമ്പോൾ ഗ്രാമപഞ്ചായത്ത് കൂടുതൽ അവധാനത പുലർത്തേണ്ടതും പ്രാദേശികമായി ഉയർന്നുവരുന്നതും ഗ്രാമസഭ നിർദ്ദേശിക്കുന്നതുമായ പ്രോജക്ടുകൾ മാത്രം ഏറ്റെടുക്കേണ്ടതുമാണ്. നിർവ്വഹണ ഏജൻസികൾക്കുള്ള മുൻകൂറുകൾ രജിസ്റ്ററിൽ എഴുതി സൂക്ഷിക്കേണ്ടതാണ്. ലൈൻ എക്സ്റ്റൻഷൻ ജോലികൾ ആവശ്യാധിഷ്ഠിതമാണോയെന്ന് പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

## 1-28 ആസ്തികൾ സംരക്ഷിക്കപ്പെടുന്നില്ല, പൊതുജനങ്ങൾക്ക് ആവശ്യമായ സേവനം ലഭ്യമാകുന്നില്ല-

### 1)സാംസ്കാരിക നിലയം - ലൈബ്രറിയും അനുബന്ധ സ്ഥാപനങ്ങളും പ്രവർത്തനമില്ലാതെ ഉപയോഗ ശൂന്യമായി അവശേഷിക്കുന്ന -

ചെറിയനാട് ഗ്രാമപഞ്ചായത്ത് 2-ാം വാർഡ് ഉരുത്തിമേൽ മാർക്കറ്റ് ജംഗ്ഷനിൽ സ്ഥിതി ചെയ്യുന്ന സാംസ്കാരിക നിലയം കെട്ടിടം തുറന്ന് പരിശോധിച്ചതിൽ ടി സ്ഥാപനം പ്രവർത്തിക്കുന്നില്ലായെന്ന്

ബോദ്ധ്യമായിട്ടുണ്ട്. പൊടിയും ചിലന്തിവലയും നിറഞ്ഞ് മുറികളെല്ലാം പൂട്ടിയിട്ട നിലയിലാണ്. മുകൾ നിലയിൽ വലിയ അളവിൽ വർഷങ്ങളായുള്ള ദിനപത്രങ്ങൾ അടുക്കികെട്ടി പൊടി പിടിച്ച് ഉപയോഗശൂന്യമായ നിലയിലാണ്. താഴത്തെ നിലയിലെ റീഡിംഗ് റൂമിൽ 43" എൽ.ഇ.ഡി ടി.വി വാങ്ങി ഭിത്തിയിൽ സ്ഥാപിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത ടി.വിയ്ക്ക് കേബിൾ കണക്ഷൻ സൗകര്യം ലഭ്യമല്ല. ഈ സാംസ്കാരിക നിലയത്തിലെ ലൈബ്രറിയും ടി.വിയും പ്രവർത്തിക്കാത്തതിനാൽ പൊതുജനങ്ങൾക്ക് ഇതുകൊണ്ട് ഒരു പ്രയോജനവുമില്ല. സാംസ്കാരിക നിലയം അറ്റകുറ്റപ്പണിയ്ക്കായി ഓരോ വർഷവും ലക്ഷങ്ങൾ ചെലവഴിക്കപ്പെടുന്നുണ്ടെങ്കിലും ജനങ്ങൾക്ക് സേവനം ലഭ്യമാകുന്നില്ല





തുരുത്തിമേൽ സാസ്കാരിക നിലയം ദിനപ്പത്രങ്ങൾ കാലപ്പഴക്കത്താൽ നശിച്ചനിലയിൽ

സാസ്കാരിക നിലയം തുറന്ന് പ്രവർത്തിച്ച് ലൈബ്രറിയുടേയും അനുബന്ധ കെട്ടിടങ്ങളുടേയും പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

2)<u>കുട്ടികളുടെ പാർക്ക് ജീർണ്ണാവസ്ഥയിൽ</u>

പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ 11-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന കുട്ടികളുടെ പാർക്ക് കാട് കയറി നശിച്ച അവസ്ഥയിലാണ്. പഞ്ചായത്തിലേയും സമീപ പ്രദേശങ്ങളിലേയും കുട്ടികൾക്ക് ഏറെ പ്രയോജനകരമാകുമായിരുന്ന ഒരു വിനോദ കേന്ദ്രമായിരുന്നു ഈ പാർക്ക്. പാർക്കിന്റെ പ്രവർത്തനം മുടങ്ങിയിട്ട് ഏകദേശം 10 വർഷത്തോളമായി. കുട്ടികളുടെ വിനോദോപകരണങ്ങൾ മിക്കവയും നശിച്ചു. പാർക്ക് പ്രവർത്തനക്ഷമമാക്കി തുറന്ന് പ്രവർത്തിക്കാത്തത് സംബന്ധിച്ച് കുട്ടികൾക്കും പൊതു ജനങ്ങൾക്കും നിരവധി പരാതി നിലനിൽക്കുന്നു.




കുട്ടികളുടെ പാർക്ക് കാട് കയറി നശിച്ച അവസ്ഥയിൽ

കാട് വെട്ടി തെളിച്ച് കുട്ടികളുടെ വിനോദോപകരണങ്ങൾ പ്രവർത്തനക്ഷമമാക്കി പാർക്ക് തുറന്ന് പ്രവർത്തിക്കാനാവശ്യമായ സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

ഓരോ വർഷവും പുതിയ പദ്ധതികൾക്കായി ധാരാളം തുക ചെലവഴിക്കപ്പെടുന്നുണ്ടെങ്കിലും നിലവിലുള്ള ആസ്തികളുടെ തുടർ സംരക്ഷണം ഉറപ്പ് വരുത്താതെ ഫണ്ട് ചെലവഴിക്കുക മാത്രമാണ് ചെയ്തുകൊണ്ടിരിക്കുന്നത്. നിലവിലുള്ള ആസ്തികൾ സംരക്ഷിച്ച് പൊതു ജനങ്ങൾക്ക് നല്ല സേവനം ഉറപ്പ് വരുത്തേണ്ടതാണ്. ലേലവസ്തുക്കൾ യഥാസമയം ലേലം നടത്തി വരുമാനദായക മാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

3)<u>തുരുത്തിമേൽ മാർക്കറ്റിലെ മത്സ്യ മാർക്കറ്റ് നിഷ്ക്രിയ ആസ്തിയായി</u>

തുരുത്തിമേൽ മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സിന് സമീപം സ്ഥിതി ചെയ്യുന്ന മത്സ്യ മാർക്കറ്റ്

പ്രവർത്തിക്കാതെ പൂട്ടിക്കിടക്കുന്നതായി ഭൗതിക പരിശോധനയിൽ കണ്ടെത്തി. ലക്ഷങ്ങൾ മുടക്കി 2008 ൽ പണിത കെട്ടിടം 2018 ൽ പുതുക്കി നിർമ്മിച്ചെങ്കിലും ഇപ്പോഴും പൂട്ടിക്കിടക്കുന്നതിനാൽ നിഷ്ക്രിയ ആസ്തിയായി മാറി. മത്സ്യ മാർക്കറ്റ് പ്രവർത്തനക്ഷമമാക്കാനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.




പ്രവർത്തനമില്ലാതെ നിഷ്ക്രിയ ആസ്തിയായി മാറിയ ഉരുത്തിമേൽ മത്സ്യമാർക്കറ്റ്

4)ഉരുത്തിമേൽ മാർക്കറ്റിലെ വനിതാ കാന്റീൻ പ്രവർത്ത നമില്ല, കെട്ടിടം പൂട്ടിക്കിടക്കുന്നു

ഉരുത്തിമേൽ മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സിന് സമീപം സ്ഥിതി ചെയ്യുന്ന രണ്ട് ഷട്ടർ മുറികളുള്ള വനിതാ കാന്റീൻ കെട്ടിടം പ്രവർത്തിക്കാതെ പൂട്ടിക്കിടക്കുന്നതായി ഭൗതിക പരിശോധനയിൽ കണ്ടെത്തി. ഈ കെട്ടിടം നിലവിലുള്ളപ്പോൾ പഞ്ചായത്തിലെ ജനകീയ ഹോട്ടൽ കൊല്ലകടവ് കടൈയ്ക്കാട് വാടക കെട്ടിടത്തിലാണ് നിലവിൽ പ്രവർത്തിക്കുന്നത്. ഉരുത്തിമേൽ മാർക്കറ്റിലെ വനിതാ കാന്റീൻ പ്രവർത്തനക്ഷമമാക്കാനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.



ഉരുത്തിമേൽ വനിതാ കാന്റീൻ പ്രവർത്തനം നിലച്ച നിലയിൽ

5)ബഡ്സ് സ്കൂൾ പ്രവർത്തനം നിലച്ചു , കെട്ടിടം നാശോന്മുഖമായി

ഭിന്നശേഷിക്കാരായ കുട്ടികളുടെ കഴിവുകൾ പരിപോഷിപ്പിക്കുകയും അവരുടെ സമഗ്ര വികസനത്തിന് ഉപകരിക്കുന്നതുമായ ബഡ്സ് സ്കൂൾ പദ്ധതിയിൽ പഠനത്തോടൊപ്പം കുട്ടികളേയും അമ്മമാരേയും ഉൾപ്പെടുത്തി വരുമാനം കണ്ടെത്തുന്ന ഉപജീവന പദ്ധതികൾ നടപ്പാക്കാനായിരുന്നു സർക്കാർ ലക്ഷ്യം വെച്ചിരുന്നത്. പഞ്ചായത്ത് എഫ്.എച്ച്.സിയ്ക്ക് സമീപം 6-ാം വാർഡിൽ പ്രവർത്തിച്ചിരുന്ന ബഡ്സ് സ്കൂൾ കെട്ടിടം നിലവിൽ പ്രവർത്തനമില്ലാതെ പൂട്ടിക്കിടക്കുന്നതായി ഭൗതിക പരിശോധനയിൽ കണ്ടെത്തി. പൊതുജനങ്ങൾക്ക് ഈ കെട്ടിടം മൂലം നിലവിൽ സർക്കാർ ലക്ഷ്യം വെച്ച പ്രയോജനം ലഭിക്കുന്നില്ല. കെട്ടിടം അറ്റകുറ്റപ്പണി നടത്തി ഭിന്നശേഷിക്കാരായ കുട്ടികളുടെ ക്ഷേമത്തിന് ഉപകരിക്കുന്ന രീതിയിൽ പുനരുദ്ധരിക്കേണ്ടതാണ്.



പ്രവർത്തനം ആരംഭിച്ചിട്ടില്ലാത്ത ബഡ്സ് സ്കൂൾ കെട്ടിടം കാട് മൂടിയ നിലയിൽ

1-29 സാമൂഹ്യ സുരക്ഷ പെൻഷൻ - മരണ തീയതിക്ക ശേഷമുള്ള മാസങ്ങളിലും പെൻഷണറുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തു

22.09.2017 ലെ ധനകാര്യ വകുപ്പ് സർക്കുലർ SFCB1/71/2017 പ്രകാരം ഗുണഭോക്താക്കൾ മരണപ്പെടുന്ന സംഗതികളിൽ ക്ഷേമ പെൻഷൻ അനുവദിച്ച് നൽകിയ തദ്ദേശസ്ഥാപനത്തിൽ മരണം റിപ്പോർട്ട് ചെയ്യപ്പെടുന്ന പക്ഷം ആ ദിവസം തന്നെ പെൻഷൻ സസ്പെന്റ് ചെയ്യേണ്ടതാണെന്നും മരണം മറ്റ് തദ്ദേശസ്ഥാപനത്തിൽ റിപ്പോർട്ട് ചെയ്യപ്പെടുന്നുവെങ്കിൽ അതേ ദിവസം തന്നെ പെൻഷൻ അനുവദിച്ച നൽകിയ തദ്ദേശസ്ഥാപനത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു. എന്നാൽ ചെറിയനാട് ഗ്രാമ പഞ്ചായത്തിലെ 2022-23 കാലയളവിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണ രേഖകൾ പരിശോധിച്ചതിൽ നിന്നും മരണപ്പെട്ടവരുടെ പേരിലുള്ള പെൻഷൻ യഥാസമയം സസ്പെൻഡ് ചെയ്യാതെ മരണ തീയതിക്ക ശേഷമുള്ള മാസങ്ങളിലും പെൻഷണറുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തതായി കാണുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | പെൻഷൻ തരം | പെൻഷൻ ഐ.ഡി. | മരിച്ച തീയതി | മരണം രജിസ്റ്റർ ചെയ്ത തീയതി | അനർഹമായ കാലയളവ് | അനർഹമായ കാലയളവിൽ വിതരണം ചെയ്ത തുക |
|---|---|---|---|---|---|---|---|
| 1. | മറിയാമ്മ കോശി | വാർദ്ധക്യ പെൻഷൻ | 104660200203 | 17.12.22 | 23.12.22 | 01/23 മുതൽ 04/23 വരെ | 6400 |
| 2 | ഇന്ദിര | വാർദ്ധക്യ പെൻഷൻ | 104660202289 | 28.12.22 | 4.01.23 | 01/23 മുതൽ4/23 വരെ | 6400 |
| 3. | കൃഷ്ണൻ കുട്ടി | വാർദ്ധക്യ പെൻഷൻ | 104660201684 | 22.9.22 | 19.10.22 | 10/22 മുതൽ04/23വരെ | 11200 |
| | | | ആകെ | | | | 24000/- |

മരണപ്പെട്ട മേൽപ്പറഞ്ഞ ഗുണഭോക്താക്കളുടെ പെൻഷൻ സ്റ്റാറ്റസ് നിലവിലും ആക്ടീവായി തുടരുന്ന സാഹചര്യത്തിൽ ഭാവിയിലും അവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് അനർഹമായി തുക നൽകാൻ ഇടയാകുന്ന സാഹചര്യം നിലനിൽക്കുന്നു. മരണം രജിസ്റ്റർ ചെയ്യുമ്പോൾ തന്നെ സാമൂഹ്യക്ഷേമ പെൻഷൻ റദ്ദാക്കാനുള്ള നടപടി യഥാസമയം സ്വീകരിക്കാത്തതാണ് ഇത്തരം അപാകതയ്ക്ക്

കാരണമാകുന്നത്. അപാകതയിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.23/10.8.2023) അധികമായി നൽകിയ തുക ബന്ധപ്പെട്ടവരിൽ നിന്ന് ഈടാക്കുമെന്ന് അറിയിച്ചിട്ടുണ്ട്. അനർഹമായി കൈമാറിയ തുക തിരികെ ഈടാക്കി സർക്കാർ ഫണ്ടിൽ ഒടുക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-30 ജെ.ബി.എസ് ചെറിയനാട് -ഫർണിച്ചർ വാങ്ങൽ-അധികം ചെലവഴിച്ചു

പ്രോജക്റ്റ് നം. 79/22

ജെ.ബി.എസ്. ചെറിയനാട് -ഫർണിച്ചർ വാങ്ങൽ

അടങ്കൽ :-3,00,000/- (മെയിന്റനൻസ് ഗ്രാൻറ് (നോൺ റോഡ്)

നിർവ്വഹണ ഉദ്യോഗസ്ഥ :- ഹെഡ്മിസ്ട്രസ്സ്

ബിൽ നം. 22070252009700594081 തീയതി 29-08-2022 തുക 2,97,395/- രൂപ

ഈ പദ്ധതി പ്രകാരം 2022 അധ്യയന വർഷത്തിൽ ജെ.ബി.എസ്. ചെറിയനാട് സ്കൂളിലേക്ക് തടി കൊണ്ട് നിർമ്മിച്ച 30 ഡെസ്കും 30 ബെഞ്ചും ആർട്കോ ലിമിറ്റഡിൽ നിന്ന് വാങ്ങിയതിന് 297395/- രൂപ (ടാക്സ് അടക്കം) ചെലവായിട്ടുണ്ട്. സ്ഥാപനത്തിന്റെ 27-05-2022 ലെ പ്രൊഫോർമ ഇൻവോയ്സ് പ്രകാരമാണ് വാങ്ങൽ നടത്തിയിട്ടുള്ളത്. പ്രൊഫോർമ ഇൻവോയ്സിൽ HW 181 ബെഞ്ച് (180x30x45cm) ഒന്നിന് 4015.54/- രൂപയും HW 182 ഡെസ്ക്- (180x42.5x75cm) ഒന്നിന് 5154.24/- രൂപയും (18% ജി.എസ്സ്.ടി ഉൾപ്പടെ)വില ചേർത്തിട്ടുണ്ട്. എന്നാൽ 04-06-2022 ലെ ബിൽ പ്രകാരം HW 181 ബെഞ്ച് ഒന്നിന് 4758.94/-രൂപയും HW 182 ഡെസ്ക് ഒന്നിന് 5154.24/- രൂപയും (ടാക്സ് ഉൾപ്പടെ) വില കണക്കാക്കി സ്ഥാപനത്തിന് പെയ്മെന്റ് ചെയ്തിട്ടുണ്ട്. ബെഞ്ചിന്റെ വിലയിൽ വ്യത്യാസം വന്ന കാരണത്താൽ 22302/- രൂപ അധികം ചെലവഴിച്ചു((4758.94-4015.54)x30). അധിക ചെലവിന് വിശദീകരണം ലഭ്യമാക്കുവാനും വാങ്ങൽ നടപടി ക്രമങ്ങളുമായി ബന്ധപ്പെട്ട് എടുത്തിട്ടുള്ള പഞ്ചായത്ത് കമ്മറ്റി തീരുമാനങ്ങൾ, സപ്ലൈ ഓർഡർ എന്നിവ പരിശോധനയ്ക്ക് നൽകുവാനും ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു(നം.12 തീയതി 09.08.2023). സപ്ലൈ ഓർഡർ പരിശോധനയ്ക്ക് നൽകിയെങ്കിലും അധികം തുക ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കിയില്ല. ലഭ്യമാക്കിയ സപ്ലൈ ഓർഡറിൽ മേൽപ്പറഞ്ഞ ഇൻവോയ്സ് അനുസരിച്ചുമുള്ള ബെഞ്ചും ഡസ്കും തന്നെയാണ് ആവശ്യപ്പെട്ടിട്ടുള്ളത്. ആകയാൽ ഇൻവോയ്സ് പ്രകാരമുള്ള വിലയിൽ നിന്നും അധികരിച്ച് ചെലവഴിച്ച തുക 22302/- രൂപ ചെലവിനുത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

1-31 ഖരമാലിന്യ സംസ്കരണത്തിന് ഇ-കാർട്ട് വാഹനം - മാലിന്യ നീക്കത്തിന് വാഹനം പര്യാപ്തമല്ല

പ്രോജക്റ്റ് നം.33/2023, ഖരമാലിന്യ സംസ്കരണത്തിന് ബാറ്ററി യൂട്ടിലിറ്റി വാഹനം (സ്പിൽ ഓവർ)

അടങ്കൽ - 315000/-

ചെലവ് - 280000/-(കേന്ദ്രാവിഷ്കൃതം)

വൗച്ചർ നം.22011748/28.01.2023 (പി.എഫ്.എം.എസ്)

ഇൻവോയ്സ് നം.561438738021/01.12.2022

നിർവഹണം - വി.ഇ.ഒ

ഹരിത കർമ്മ സേനയ്ക്ക് ഖരമാലിന്യ സംസ്കരണത്തിന് മാലിന്യ നീക്കം നടത്തുന്നതിനായി 'GEM' വഴി 'പൈ' കമ്പനിയുടെ ഒരു ബാറ്ററി യൂട്ടിലിറ്റി വാഹനം (E-cart) 'പ്രിയം ഇൻഡസ്ട്രീസ് & എഞ്ചിനീയറിംഗ്, തിരുപ്പൂർ എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങുകയുണ്ടായി. ടി വാഹനം മാലിന്യ നീക്കത്തിന് നിലവിൽ ഉപയോഗിക്കുന്നില്ല. വാഹനം ലഭിച്ച് 9 മാസം കഴിഞ്ഞിട്ടും രജിസ്ട്രേഷൻ നടത്തുകയോ ഇൻഷുറൻസ് എടുക്കുകയോ ചെയ്തിട്ടില്ല. ടി വാഹനത്തിന് ഡ്രൈവറുടെ സേവനം ലഭ്യമല്ല. പഞ്ചായത്തിലെ മുഴവൻ

മാലിന്യ നീക്കവും നടത്താൻ ടി വാഹനം പര്യാപ്തമല്ലായെന്ന് പ്രാദേശിക അന്വേഷണത്തിൽ ബോദ്ധ്യപ്പെട്ടു. ഗ്രൗണ്ട് ക്ലിയറൻസ് കുറവായ വാഹനത്തിന് ഖരമാലിന്യം ഉൾക്കൊള്ളാനുള്ള ശേഷിയും ലോഡുമായി കയറ്റം കയറാനുള്ള ശേഷിയും കുറവാണെന്നും വളരെക്കുറഞ്ഞ അളവിലുള്ള പ്ലാസ്റ്റിക് മാലിന്യങ്ങളേ ഈ വാഹനത്തിൽ ഓരോ ട്രിപ്പിലും കൊണ്ടുപോകാൻ സാധിക്കൂ എന്നും ഹരിത കർമ്മസേനാംഗങ്ങൾ അറിയിച്ചിട്ടുണ്ട്. ഹരിത കർമ്മസേനാംഗങ്ങളിൽ ആർക്കും തന്നെ വാഹനം ഓടിക്കാനുള്ള ലൈസൻസ് ഇല്ല. മാലിന്യ നീക്കത്തിനായി നിലവിൽ ഹരിത കർമ്മ സേന വാഹനം പുറത്ത് നിന്ന് വാടകയ്ക്കെടുക്കുകയാണ് ചെയ്തു വരുന്നത്. വാഹനം വാങ്ങുന്നതിന് മുമ്പായി ടി വാഹനം പഞ്ചായത്തിലെ മാലിന്യ നീക്കത്തിന് പര്യാപ്തമാണോയെന്ന് പ്രാഥമിക പരിശോധന നടത്താതെയാണ് വാങ്ങൽ നടത്തിയത്. നിലവിൽ ടി വാഹനം പഞ്ചായത്ത് കോമ്പൗണ്ടിൽ വെറുതെ കിടക്കുകയാണ്. മേൽ വിഷയങ്ങൾക്ക് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.15./09.08.2023) വാഹനം ഉപയോഗിക്കാനാവശ്യമായ നടപടി സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. പ്രോജക്ട് ആസൂത്രണത്തിലും നിർവഹണത്തിലും മോണിട്ടറിംഗിലും പൂർണ്ണമായി വീഴ്ചയുണ്ടായതായി ഓഡിറ്റിൽ വിലയിരുത്തുന്നു.


പഞ്ചായത്ത് കോമ്പൗണ്ടിൽ പ്രവർത്തനം ഇല്ലാതെ കിടക്കുന്ന ഇ-കാർട്ട് വാഹനം

പഞ്ചായത്തിനോ ഹരിത കർമ്മസേനയ്ക്കോ പൊതു ജനങ്ങൾക്കോ നാളിതുവരെ പ്രയോജനപ്രദമാകാതിരുന്ന ഈ വാഹനം രജിസ്ട്രേഷനും ഇൻഷുറൻസും എടുത്ത് ഹരിത കർമ്മസേനാംഗങ്ങൾക്ക് പരിശീലനം നൽകി ലൈസൻസ് എടുപ്പിച്ച് ഓടിക്കാൻ ഏൽപിക്കേണ്ടതാണ്. വാങ്ങിയ വാഹനം മാലിന്യ നീക്കത്തിന് ഉപയോഗിച്ച് രേഖകൾ സമർപ്പിക്കുന്നതുവരെ ഈയിനത്തിൽ ചെലവഴിച്ച തുക (280000/-) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-32 ഉപയോഗരഹിതമായ പൊതു ടാപ്പുകൾ ഒഴിവാക്കൽ പ്രവൃത്തി നടന്നില്ല-ചെലവ് ചെയ്ത 98000രൂപ തടസ്സപ്പെടുത്തുന്നു

ഉപയോഗരഹിതമായ പൊതു ശുദ്ധജല ടാപ്പുകൾ പൂർണ്ണമായും ഒഴിവാക്കുന്നതിനും അത് വഴി ഗ്രാമപഞ്ചായത്തിനുള്ള വെള്ളക്കരമിനത്തിലെ പ്രതിമാസ ബാധ്യത കുറക്കുന്നതിനുമായി പ്രോജക്റ്റ് നം-143/23 പ്രകാരം കേരള വാട്ടർ അതോറിറ്റിക്ക് 98000/-രൂപ നിക്ഷേപമായി നൽകിയിട്ടുണ്ട്. എന്നാൽ ഏറ്റവും പുതിയ ബിൽ പ്രകാരവും മുൻപുണ്ടായിരുന്ന 121 ടാപ്പുകളുടെ ബിൽ ആണ് വാട്ടർ അതോറിറ്റി ഗ്രാമപഞ്ചായത്തിന് നൽകുന്നത്. ഗ്രാമപഞ്ചായത്ത് കത്തിടപാടുകൾ നടത്തുന്നുണ്ടെങ്കിലും കേരള വാട്ടർ അതോറിറ്റി തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. പ്രോജക്റ്റിന്റെ ചെലവ് സംബന്ധിക്കുന്ന വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്റ്റ് നം./പേര് | 143/23 (സ്ട്രീറ്റ് ടാപ്പ് വാട്ടർ കണക്ഷൻ ഡിസ്കണക്റ്റ് ചെയ്യൽ- വാട്ടർ അതോറിറ്റിക്ക് അടവാക്കേണ്ട തുക നൽകൽ) |

| | |
|---|---|
| അടങ്കൽ | 168000(വികസനഫണ്ട് പൊതുവിഭാഗം) |
| ചെലവ് | 98000 |
| ബിൽ നം | 97/22-11-2022 |

ഡിസ്മാന്റിൽ ചെയ്യുന്നതിനുള്ള തുക ഡിമാൻഡ് ചെയ്ത് കൊണ്ട് വാട്ടർ അതോറിറ്റി നൽകിയ 14-06-2022 ലെ KWA/PHA/D43085/2022-23 നമ്പർ കത്തിനനുബന്ധമായി ചേർത്തിട്ടുള്ള എസ്റ്റിമേറ്റിൽ സെന്റേജ്, നികുതികൾ എന്നിവയടക്കം 98000/- രൂപയായിരുന്നു ഡിമാൻഡ് ചെയ്തിട്ടുള്ളത്. ഒരു ടാപ്പിന്റെ ഡിസ്മാന്റിലിന് ചെലവ് എത്രയെന്നോ ടാപ്പുകൾ എത്രയെന്നോ രേഖപ്പെടുത്തിയിട്ടില്ല. സംയുക്ത പരിശോധന നടത്തിയതായി ഗ്രാമപഞ്ചായത്ത് ഇത് സംബന്ധിക്കുന്ന അന്വേഷണത്തിനുള്ള (നം-25/22-23 തീയതി 08-08-23) മറുപടിയിൽ പറയുന്നു ണ്ടെങ്കിലും ഡിസ്മാന്റിൽ ചെയ്യേണ്ട ടാപ്പുകളുടെ എണ്ണം ഗ്രാമപഞ്ചായത്തിനെ വാട്ടർ അതോറിറ്റി ഔദ്യോഗികമായി അറിയിച്ചിട്ടില്ല. ടാപ്പുകളുടെ എണ്ണം നിജപ്പെടുത്തിയ പരിശോധനയുടെ അടിസ്ഥാനത്തിലല്ലാതെ 98000/-എന്ന തുകയിലേക്ക് എങ്ങനെ എത്തിയത് എന്നു വ്യക്തമല്ല. ഡിസ്മാന്റിൽ ചെയ്യാനുള്ള ടാപ്പുകളുടെ എണ്ണം എത്രയെന്ന് വ്യക്തത വരുത്താതെ പണം നിക്ഷേപിച്ച രീതി അംഗീകരിക്കാനാവില്ല. പ്രവർത്തി പൂർത്തിയാക്കി വിനിയോഗവിവരങ്ങൾ ലഭിക്കുന്നത് വരെ 98000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-33 ഉത്ഘാടനം കഴിഞ്ഞ് മൂന്ന് വർഷങ്ങൾക്ക് ശേഷവും ബഡ്സ് സ്കൂൾ പ്രവർനം ആരംഭിച്ചില്ല

ഗ്രാമപഞ്ചായത്തിൽ 19,86,727/- രൂപ ചെലവഴിച്ച് ഒരു ബഡ്സ് സ്കൂൾ നിർമ്മിക്കുകയും 2020 ഒക്ടോബർ 26 ന് ഉത്ഘാടനം നടത്തുകയും ചെയ്തിട്ടുണ്ട്. എന്നാലിതിന്റെ പ്രവർത്തനം ആരംഭിക്കുകയോ ബഡ്സ് സ്കൂളിനായുള്ള അടിസ്ഥാന സൌകര്യങ്ങൾ ഒരുക്കുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഉത്തരവ് നം.- സ.ഉ (എം.എസ്.) 25/2018/ത.സ്വ.ഭ.വ. തീയതി 22/02/2018 പ്രകാരം അനുവദിക്കപ്പെട്ട മുൻകൂർ 12.5 ലക്ഷം രൂപ ചെലവഴിക്കുകയോ ചെയ്തിട്ടില്ല. (വാർഷിക കണക്കുകൾ-ബാലൻസ് ഷീറ്റ് ഹെഡ് കോഡ് 320200201 പ്രകാരം തുക ചെലവഴിക്കാതെ അവശേഷിക്കുന്നതായി കാണുന്നു). ലഭിച്ച മുൻകൂർ ചെലവഴിച്ച് വിനിയോഗ വിവരങ്ങൾ ലഭ്യമാക്കാതിരുന്നതിനാൽ അടുത്ത ഗഡുവായി ഗ്രാമപഞ്ചായത്തിന് ലഭ്യമാകേണ്ടിയിരുന്ന 12.5 ലക്ഷം രൂപയും ലഭിച്ചിട്ടില്ല. ആദ്യഗഡുവായി ലഭിച്ച തുക ചെലവഴിക്കാതിരുന്നതിനാൽ തുക തിരികെ ഒടുക്കുന്നതിന് ആവശ്യപ്പെട്ടുകൊണ്ട് കുടുംബശ്രീ ഗ്രാമപഞ്ചായത്തിന് കത്ത് നൽകിയിട്ടുണ്ട് (കുടുംബശ്രീ ജില്ലാമിഷൻ കോ-ഓഡിനേറ്ററുടെ 18-04-23 ലെ 168/SD/2017/KSAPA). എന്നാൽ ഗ്രാമപഞ്ചായത്ത് പണം തിരികെ ഒടുക്കിയിട്ടില്ല.

നിലവിൽ കെട്ടിടത്തിൽ വൈദ്യുതി കണക്ഷൻ ഇല്ല. ഫർണ്ണിച്ചറുകളോ പഠന സാമഗ്രികളോ ബഡ്സ് സ്കൂൾ ആവശ്യത്തിലേക്കായുള്ള തെറാപ്യൂട്ടിക് ഉപകരണങ്ങൾ തൊഴിൽ പരിശീലന സാമഗ്രികൾ ഒന്നും തന്നെ വാങ്ങിയിട്ടില്ല. കെട്ടിടം നിഷ്ക്രിയ ആസ്തിയായും സർക്കാർ അനുവദിച്ച പണം ബാധ്യതയായും തുടരുന്നു. കെട്ടിടത്തിന്റെ പരിസരം കാട് പിടിച്ച നിലയിലാണ്.



ഗ്രാമപഞ്ചായത്ത് ബഡ്സ് സ്കൂൾ ആരംഭിക്കാതിരിക്കുന്നതിന്റെ കാരണം വ്യക്തമല്ല. സർക്കാർ ലഭ്യമാക്കുന്ന ഫണ്ടുകൾക്ക് പുറമെ അധിക വിഭവ സമാഹരണം നടത്തി ബഡ്സ് സ്കൂൾ പ്രവർത്തനം ആരംഭിക്കേണ്ടതാണ്. നടപടികൾ സ്വീകരിച്ച് വിശദമായ റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

## 1-34 ഹരിതമിത്രം-പദ്ധതി നടത്തിപ്പിന്റെ ഗുണഫലം ഗ്രാമപഞ്ചായത്തിന് ലഭിച്ചില്ല

പ്രോജക്റ്റ് നം.-17/23 പ്രകാരം സ്മാർട്ട് ഗാബേജ് മോണിട്ടറിംഗ് സിസ്റ്റം എന്ന പേരിൽ ഗ്രാമപഞ്ചായത്ത് പ്രോജക്റ്റ് നടപ്പിലാക്കി. പ്രോജക്റ്റിന്റെ ചെലവ് : തൻവർഷ ചെലവ്- 52571/- രൂപ (ധനകാര്യ കമ്മീഷൻ അവാർഡ്) 2021-22 ൽ 142900/- രൂപ ചെലവഴിച്ചിരുന്നു. (പ്രോജക്റ്റ് നം-186/22). സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ KELTRON മുഖാന്തിരം നടപ്പാക്കിയ പ്രോജക്റ്റിൽ സാങ്കേതിക പരിശീലനം, കെൽട്രോണിന് സർവ്വീസ് ചാർജ്, എസ് എം എസ് ചാർജ്, QR കോഡ് പ്രിന്റ് ചെയ്യൽ, QR കോഡ് പതിപ്പിക്കൽ എന്നിവക്ക് പണം ചെലവഴിച്ചിട്ടുണ്ട്. മാലിന്യസംസ്കരണ പ്രവർത്തനങ്ങൾക്ക് കൃത്യമായ മോണിട്ടറിംഗ് സംവിധാനം ഏർപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ആവഷ്കരിച്ച് പതിനഞ്ച് ലക്ഷത്തോളം രൂപ ചെലഴിച്ച പ്രോജക്റ്റിലെ പ്രാഥമിക ജോലികൾ നിർവ്വഹിക്കുന്നതിനുമുൻപ് ജനങ്ങൾക്ക് വേണ്ടത്ര അവബോധം നൽകാതിരുന്നത് കാരണം അവർ പ്രോജക്റ്റിന്റെ നടത്തിപ്പിനെ ഗ്രാമപഞ്ചായത്തിന് പണം ഉണ്ടാക്കുവാനുള്ള ഒരു ഉപാധിയായി മാത്രം കണ്ടത് പദ്ധതിയുടെ പരാജയ കാരണങ്ങളിലൊന്നാണ്. QR കോഡ് നശിപ്പിക്കൽ/രൂപമാറ്റം വരുത്തൽ എന്നിവയുമായി ബന്ധപ്പെട്ട പരാതികൾ സേനാംഗങ്ങൾ ഉയർത്തുന്നുണ്ടെങ്കിലും പരാതികളൊന്നും രജിസ്റ്റർ ചെയ്യുകയോ പരിഹാരം തേടുകയോ ചെയ്തിട്ടില്ല. കസ്റ്റമർ എൻറോൾമെന്റ് എത്രമാത്രം പൂർത്തീകരിക്കാനായി, ഇനിയുള്ള ലക്ഷ്യങ്ങൾ എന്ത്? (എത്ര വീടുകൾ എത്ര സ്ഥാപനങ്ങൾ) എന്നുള്ള വിവരങ്ങളൊന്നും ഹരിത കർമ്മസേനാംഗങ്ങളുടെ പക്കലോ ഗ്രാമപഞ്ചായത്ത് ഓഫീസിലോ ലഭ്യമല്ല.

ഗ്രാമപഞ്ചായത്തിലെ ഇന്റർനെറ്റ് കണക്റ്റിവിറ്റിയെ സംബന്ധിക്കുന്ന ഒരു വിവരശേഖരണമോ വിദഗ്ധ അഭിപ്രായം തേടലോ നടത്താതെയാണ് പദ്ധതി നിർവ്വഹണം നടത്തിയിട്ടുള്ളത്. പഞ്ചായത്ത് പരിധിയിലെ ചില സ്ഥലങ്ങളിൽ നെറ്റ് കണക്റ്റിവിറ്റി തീരെയില്ലായെന്നത് ഒരു വാസ്തവമാണ്. ഹരിതകർമ്മസേനാംഗങ്ങളും ഇത് സംബന്ധിക്കുന്ന പരാതികൾ ഉന്നയിച്ചിട്ടുണ്ട്.

ഹരിത കർമ്മസേനാംഗങ്ങളിൽ എത്രപേർക്ക് സ്മാർട്ട് ഫോൺ ഉണ്ട് എത്രപേർക്ക് ഉപയോഗിക്കാനറിയാം എന്നുള്ള വിവരശേഖരണമോ സ്മാർട്ട് ഫോൺ ലഭ്യമാക്കുന്നതിനുള്ള CSR ഫണ്ട് ലഭ്യമാക്കൽ പോലെയുള്ള ഇടപെടലുകളോ നടത്തിയിട്ടില്ലായെന്നതും പ്രോജക്റ്റ് ലക്ഷ്യത്തിലെത്താതിരുന്നതിനൊരു കാരണമായി.

മാലിന്യത്തിന്റെ വാതിൽ പടി ശേഖരണത്തിന്റെ കവറേജ് സംബന്ധിക്കുന്ന ന്യൂനതകൾ ഒഴിവാക്കുകയെന്ന പ്രാഥമിക ലക്ഷ്യത്തിൽ നടപ്പിലാക്കിയ പ്രോജക്റ്റിൽ കസ്റ്റമർ എൻറോൾമെന്റ്, ബാർകോഡ് പതിപ്പിക്കൽ, ജനകീയ പങ്കാളിത്തം ഉറപ്പാക്കൽ എന്നീ പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തൽ, ന്യൂനതയുള്ള ഇടങ്ങളിലെ ഇടപെടൽ എന്നിങ്ങനെയുള്ള പ്രവർത്തനങ്ങളൊന്നും തന്നെ നടന്നിട്ടില്ലായെന്നത് വ്യക്തമാണ്. മാലിന്യ സംസ്കരണ മേഖലയിലെ ഡിജിറ്റൽ മൂവ്മെന്റായി കസ്റ്റമർ എൻറോൾ മെന്റ് പ്രവർത്തനങ്ങൾ നടത്തുക എന്ന ലക്ഷ്യത്തിൽ നിന്നും വളരെ അകലെ മാത്രമാണ് ഗ്രാമപഞ്ചായത്തിന്റെ സ്ഥാനം.

26-09-2022 ലെ സർക്കാർ ഉത്തരവ് നം. (സാധാ)-2341/2022/LSGD ഉത്തരവ് പ്രകാരമുള്ള പ്രവർത്തന മാർഗ്ഗരേഖ പിൻതുടരുന്നതിനും പിഴവുകൾ തിരുത്തി നൂറ് ശതമാനം മാലിന്യത്തിന്റെ ശേഖരണം അവയുടെ കൈയ്യൊഴിയൽ എന്ന ലക്ഷ്യം കൈവരിക്കുന്നതിനുള്ള ശ്രമങ്ങൾ ഗ്രാമപഞ്ചായത്ത് ആരംഭിക്കേണ്ടതാണ്. ആരോഗ്യകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെയും പഞ്ചായത്ത് സമിതിയുടെയും ശ്രദ്ധ ഈ വിഷയത്തിലുണ്ടാകേണ്ടതാണ്.

## 1-35 എഞ്ചിനീയറിംഗ് വിഭാഗത്തിന് വേണ്ടി വാഹനം വാടകക്ക് എടുക്കൽ- അപാകതകൾ

ജി.ഒ. (എം.എസ്) 115/2022/ത.സ്വ.ഭ.വ/28.05.22 പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ വാഹനങ്ങളുടെ ഉപയോഗം സംബന്ധിച്ച് നിർദ്ദേശം നൽകിയിട്ടുണ്ട്. 2022-23 കാലയളവിൽ എഞ്ചിനീയറിംഗ് വിഭാഗത്തിന് വേണ്ടി വാഹനം വാടകയ്ക്ക് ഓടുന്നതിനായി ശ്രീ.ജയശങ്കർ.സി.കെ, ചിറ്റമേത്തു പുത്തൻവീട് കുരട്ടിക്കാട്, മാന്നാർ എന്നയാളുമായി (KL-04-AA-9353) 07/01/23 ൽ പ്രതിമാസം പരമാവധി 600കി.മി വരെ (15 ദിവസം) സഞ്ചരിക്കുന്നതിന് പ്രതിമാസ വാടകയായി 15000/-രൂപ നിരക്കിലും 3 മാസത്തിൽ ആകെ കിലോമീറ്ററിൽ അധികരിച്ച ദൂരത്തിന് ഓടുന്ന ഓരോ കിലോമീറ്ററിനും 20/- രൂപ നിരക്കിലും വാടക നൽകണമെന്ന് കാണിച്ച ക്വട്ടേഷൻ അംഗീകരിച്ച് എഗ്രിമെന്റിൽ ഏർപ്പെട്ടിട്ടുണ്ട്. സാമ്പത്തികവർഷം തുടങ്ങി 4 മാസം കഴിഞ്ഞാണ് ക്വട്ടേഷൻ ക്ഷണിച്ചതും ടിയാളുമായി എഗ്രിമെന്റിലേർപ്പെടുന്നതും. കൂടാതെ മേൽ ഉത്തരവ് പ്രകാരം 2000 കി.മീ ഓടുന്നതിനുള്ള വാടക (ഇന്ധനം, ഡ്രൈവറുടെ വേതനം, മറ്റു ചെലവുകൾ ഉൾപ്പടെയുള്ള ആകെ തുക) രേഖപ്പെടുത്തിയുള്ള ക്വട്ടേഷനാണ് ക്ഷണിയ്ക്കേണ്ടത്. എന്നാൽ ഫയലിനൊപ്പം വാഹനം വാടകയ്ക്കെടുത്തത് സംബന്ധിച്ച് ക്വട്ടേഷൻ ക്ഷണിച്ചതിന്റെ വിവരങ്ങൾ ഹാജരാക്കിയിട്ടില്ല. സാമ്പത്തികവർഷത്തിന്റെ തുടക്കത്തിൽ തന്നെ ക്വട്ടേഷൻ ക്ഷണിച്ച് വാഹനം ഉപയോഗിയ്ക്കാത്തതും 2000 കി.മീ ഓടുന്നതിനുള്ള വാടക (ഇന്ധനം, ഡ്രൈവറുടെ വേതനം, മറ്റു ചെലവുകൾ ഉൾപ്പടെയുള്ള ആകെ തുക) രേഖപ്പെടുത്തിയുള്ള ക്വട്ടേഷനാണ് ക്ഷണിയ്ക്കാത്തതും സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. വാഹനം വാടകയ്ക്കെടുത്തത് സംബന്ധിച്ച് ക്വട്ടേഷൻ ക്ഷണിച്ചതിന്റെ വിവരങ്ങൾ ഹാജരാക്കിയില്ല. ലഭ്യമാക്കിയ മറുപടിയിൽ സർക്കാർ നിർദ്ദേശം പാലിച്ച് ക്വട്ടേഷൻ ക്ഷണിക്കുന്നതിന് മേലിൽ ശ്രദ്ധിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 1-36 ഷോപ്പിംഗ് കോംപ്ലക്സ് മെയിന്റനൻസ്- വാല്യൂവേഷൻ അനുസരിച്ചുള്ള തുടർ നടപടികൾ

സ്വീകരിച്ചിട്ടില്ല

പ്രോജക്റ്റ് നം. S0097/22

തനതുഫണ്ട് :-5,00,000

റിന്നവേഷൻ ഓഫ് പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ്

ഷോപ്പിംഗ് കോംപ്ലക്സ് മെയിന്റനൻസ് എന്ന പ്രവൃത്തിയിൽ ഇളക്കി മാറ്റിയ ഇരുമ്പിച്ച ഗേറ്റ്, ഗ്രിൽ, റോളിംഗ് ഷട്ടർ ഇരുമ്പ് റൂഫിംഗ് ഷീറ്റുകൾ എന്നിവ ലേലം ചെയ്യുന്നതിനായി അസിസ്റ്റന്റ് എഞ്ചിനീയർ 7968/- രൂപയുടെ വാല്യുവേഷൻ എടുത്തു നൽകിയിട്ടുണ്ട്. ലേല നടപടികൾ സ്വീകരിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നം.1 തീയതി 07.08.2023) മറുപടിയിൽ ലേലനടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

ഇത് കൂടാതെ 2021-22 വർഷത്തെ പദ്ധതിയിൽപ്പെട്ട സാംസ്കാരിക നിലയത്തിന്റെ മെയിന്റനൻസ് എന്ന പ്രവൃത്തിയുടെ നിർവ്വഹണത്തിന്റെ ഭാഗമായി ഇളക്കി മാറ്റിയ സാംസ്കാരിക നിലയത്തിലെ ഇരുമ്പിച്ച ഗ്രിൽ, മറ്റ് സാധന സാമഗ്രികൾ എന്നിവ അതാത് സ്ഥലങ്ങളിൽ സൂക്ഷിച്ചിരിക്കുന്നത് ലേലം ചെയ്യുന്നതിന് 4384/- രൂപയുടെ വാല്യുവേഷൻ എടുത്ത് നൽകിയിട്ടുണ്ട്. ലേല നടപടികൾ സ്വീകരിക്കുന്നതിന് 17-01-2023 ൽ കമ്മറ്റി തീരുമാനമെടുത്തിട്ടുണ്ടെങ്കിലും തുടർനടപടികൾ ഇല്ല. ലേലനടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-37 ഭവന പുനരുദ്ധാരണം - സബ്സിഡി മാനദണ്ഡങ്ങൾ പാലിക്കാതെ ആനുകൂല്യം നൽകി

പ്രോജക്റ്റ് നം.25/2023, വീട് മെയിന്റനൻസ് (എസ്.സി) - സ്പിൽ ഓവർ

അടങ്കൽ - 150000/-

ചെലവ് - 100000/-(എസ്.സി.പി)

ബിൽ നം.2/18.05.2022, ബിൽ നം.13/21.11.2022

വി.ഇ.ഒ നടപ്പാക്കിയ മേൽ പ്രോജക്ടിൽ ഭവന പുനരുദ്ധാരണത്തിനായി 2 ഗുണഭോക്താക്കൾക്ക് 50000/- രൂപ വീതം നൽകിയിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖ ജി.ഒ(എം.എസ്)22/2018/ ത.സ്വ.ഭ.വ/14.02.2018 ഖണ്ഡിക 6.7 ക്രമ നം. 6 പ്രകാരം വീട് പുനരുദ്ധാരണത്തിന് പുതിയ വീട് നിർമ്മിച്ച് കുറഞ്ഞത് 8 വർഷമെങ്കിലും കഴിഞ്ഞിരിക്കണമെന്ന് നിഷ്കർഷിക്കുന്നു. എന്നാൽ മേൽ പ്രോജക്ടിൽ ആനുകൂല്യം ലഭിച്ച സ്മിത.റ്റി.എസ്, തേവിരേത്ത് ഹൗസ് (VI/99E) എന്ന ഗുണഭോക്താവിന്റെ വീടിന് വെറും 6 വർഷത്തെ പഴക്കം മാത്രമാണുള്ളതെന്ന് അസിസ്റ്റന്റ് സെക്രട്ടറിയുടെ 03.03.2021 ലെ സി-7/1637/2021 നമ്പർ സാക്ഷ്യപത്രത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. ടി ഗുണഭോക്താവ് വീട് അറ്റകുറ്റപ്പണി പൂർത്തിയാക്കി വാലുവേഷൻ സമർപ്പിച്ചിട്ടില്ല. സബ്സിഡി മാർഗ്ഗരേഖ പാലിക്കാതെ ആനുകൂല്യം നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.5/8.8.2023) 27.01.2021 ലെ 2/2(7) നമ്പർ കമ്മറ്റി തീരുമാനപ്രകാരമാണ് ആനുകൂല്യം നൽകിയത് എന്ന് അറിയിച്ചു. ടി കമ്മറ്റി തീരുമാനം വാർഡ് തല ഗ്രാമസഭയിൽ അംഗീകരിച്ചതായി രേഖയില്ല. ടി പഞ്ചായത്ത് കമ്മറ്റി തീരുമാനം ഗ്രാമസഭ അംഗീകരിക്കുന്നത് വരെ ശ്രീമതി സ്മിത.റ്റി.എസ് ന് നൽകിയ 50000/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. സബ്സിഡി മാർഗ്ഗരേഖ പാലിച്ച് ആനുകൂല്യം നൽകാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

1-38 വി.ഇ.ഒ നടപ്പാക്കിയ ഭവന പുനരുദ്ധാരണപ്രോജക്റ്റുകൾ -വീട് അറ്റകുറ്റപ്പണി പൂർത്തിയായിട്ടില്ല

വി.ഇ.ഒ നടപ്പാക്കിയ താഴെപ്പറയുന്ന ഭവന പുനരുദ്ധാരണ പ്രോജക്റ്റുകളിൽ തുക മുൻകൂറായി കൈപ്പറ്റിയെങ്കിലും വീട് അറ്റകുറ്റപ്പണി പൂർത്തിയായിട്ടില്ല.

1)പ്രോജക്റ്റ് നം.101/2023, വീട് മെയിന്റനൻസ് (എസ്.സി)

അടങ്കൽ - 1500000/-

ചെലവ് - 1165330/-(എസ്.സി.പി)

| ക്രമ നം. | ഗുണഭോക്താവ് | കൈപ്പറ്റിയ തുക | കൈപ്പറ്റിയ തീയതി |
|---|---|---|---|
| 1. | ഭാസ്കരൻ.എ.കെ | 50000/- | 27.01.2023 |
| 2. | വൽസല.റ്റി.കെ | 50000/- | 31.12.2022 |
| 3. | ഗൗരി | 50000/- | 31.12.2022 |
| 4. | സന്തോഷ് കുട്ടി | 50000/- | 17.12.2022 |
| 5. | സുകുമാരൻ | 30000/- | 27.01.2023 |
| 6. | നാരായണൻ.റ്റി.കെ | 30000/- | 17.02.2023 |

2)പ്രോജക്റ്റ് നം.88/2023, വീട് മെയിന്റനൻസ് (ജനറൽ)

അടങ്കൽ - 1800000/-

ചെലവ് - 1251729/-(വികസന ഫണ്ട്)

| ക്രമ നം. | ഗുണഭോക്താവ് | കൈപ്പറ്റിയ തുക | കൈപ്പറ്റിയ തീയതി |
|---|---|---|---|
| 1. | വൽസമ്മ | 30000/- | 31.12.2022 |
| 2. | ഓമന.പി.ആർ | 30000/- | 17.12.2022 |

ടി വിഷയത്തിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.5/8.8.2023) വീട് അറ്റകുറ്റപ്പണി നടന്നുകൊണ്ടിരിക്കുകയാണെന്നും പൂർത്തിയായിട്ടില്ലായെന്നും പ്രോജക്റ്റ് സ്പിൽ ഓവറായിട്ടുണ്ടെന്നും അറിയിച്ചു. വീട് അറ്റകുറ്റപ്പണി പൂർത്തിയാകുന്ന മുറയ്ക്ക് മൂല്യ നിർണ്ണയ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

1-39 മരുന്ന് പൂർണ്ണമായും ലഭിച്ചിട്ടില്ല

മെഡിക്കൽ ഓഫീസർ (എഫ് എച്ച് സി) നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ ചുവടെ ചേർക്കുന്ന പദ്ധതികളിൽ മരുന്ന് വാങ്ങലിനായി കെ. എം. എസ്. സി. എൽ. ന് അക്കൗണ്ട് ട്രാൻസ്ഫർ മുഖേന അഡ്വാൻസ് നല്കിയെങ്കിലും തുകയ്ക്ക് ആനുപാതികമായി മരുന്ന് ലഭിച്ചിട്ടില്ല.

| പ്രോജക്റ്റ് നം. | 9 | 103 |
|---|---|---|
| പേര് | ഫാമിലി ഹെൽത്ത് സെന്ററിന് ആവശ്യ മായ മരുന്ന് വാങ്ങൽ | ഫാമിലി ഹെൽത്ത് സെന്ററിന് ആവശ്യമായ സി കെ ഡി വാങ്ങൽ |
| അടങ്കൽ | 375000 | 300000 |
| ചെലവ് | 375000 | 299999 |
| ബിൽ നം./ തീയതി/തുക | 96011150001/ 31.01.2023/ 281100 (മരുന്നിനുള്ള ചെലവ്) | 9601011355/ 07.01.2023/ 299999 |

| | | |
|---|---|---|
| ലഭിച്ച മരുന്ന് (രൂപയിൽ) | 133206 | 84939 |
| ലഭിക്കുവാനുള്ള മരുന്ന് (രൂപയിൽ) | 147894 | 215060 |

മരുന്ന് ലഭിച്ചിട്ടില്ലാത്തതിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികളും വിഷയം ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ എന്നും അറിയിക്കുവാൻ നല്കിയ ഓഡിറ്റ് അന്വേഷണം നം. 14/22-23/09.08.23 ന് കെ എം സി എൽ ന് കത്ത് മുഖേനയും ഇമെയിലായും അറിയിപ്പ് നല്കിയിട്ടുണ്ടെന്ന് മറുപടി നല്കി. ലഭ്യമാകുവാൻ ബാക്കിയുള്ള മരുന്നുകൾ കൂടി ലഭ്യമാക്കി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി വിവരം അറിയിക്കേണ്ടതാണ്.

## 1-40 ടാർ വീപ്പയുടെ വില തനതു ഫണ്ടിൽ ക്രഡിറ്റ് ചെയ്യുന്നു

വിവിധ മരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട ഫയലുകൾ, എം.ബുക്ക് എന്നിവ പരിശോധിച്ചതിൽ, ടാർ വീപ്പയുടെ വിലയായി കരാറുകാരനിൽ നിന്നും ഈടാക്കുന്ന തുക, എതു ഫണ്ടിൽ നിന്നാണോ തുക ചെലവഴിക്കപ്പെട്ടിട്ടുള്ളത് ആ ഫണ്ടിൽ ഒടുക്കേണ്ടതിന് പകരം തനതു ഫണ്ടിൽ ക്രഡിറ്റ് ചെയ്യുന്നതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തിയുടെ പേര് | ഫണ്ടിനം | ടാർ വീപ്പ വില |
|---|---|---|
| പാലച്ചുവട്ടു-മാനവീയം കോളനി റോഡ് മെയിന്റനൻസ്( വാർഡ് 5) (S00135/22) | മെയിന്റനൻസ് ഗ്രാന്റ്(റോഡ്) | 3653 |
| പെരിങ്ങറപ്പടി-തറയിൽപ്പടി റോഡ് സംരക്ഷണം റോഡ്(S0089/22) | മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 3653 |
| തേവിരേത്ത് പടി-ആശ്രമപ്പടി റോഡ് സംരക്ഷണം (S0147/22) | മെയിന്റനൻസ് ഗ്രാന്റ്(റോഡ്) | 3653 |
| മാമ്പള്ളിപ്പടി-ഓവർ ബ്രിഡ്ജ് സമാന്തര റോഡ് മെയിന്റനൻസ് (S0133/22) | മെയിന്റനൻസ് ഗ്രാന്റ്(റോഡ്) | 4496 |

മേൽ വിഷയം സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.30 തീയതി 11-08-2023) മറുപടി ലഭ്യമാക്കിയില്ല. സർക്കുലർ നം.59827/എഫ്.എം/ 07/ത.സ്വ.ഭ.വ തീയതി 30-10-2017 ലെ സർക്കാർ നിർദ്ദേശമനുസരിച്ച് ടാർ വീപ്പയുടെ വിലയായി കരാറുകാരനിൽ നിന്നും ഈടാക്കുന്ന തുക, ഏതു ഫണ്ടിൽ നിന്നാണോ തുക ചെലവഴിക്കപ്പെട്ടിട്ടുള്ളത് ആ ഫണ്ടിൽ തന്നെ തിരികെ ഒടുക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-41 ലൈഫ് ഭവന പദ്ധതി -അവലോകനം

1) 2022-23 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ ലൈഫ് ഭവന പദ്ധതി സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു.

| വർഷം | തൻവർഷം കരാർ വെച്ച ഗുണഭോക്താക്കളുടെ | തൻവർഷം കരാർ വച്ചതും ഭവന നിർമ്മാണം | മുൻ വർഷം കരാർ വച്ചതും തൻ വർഷം ഭവന നിർമ്മാണം |
|---|---|---|---|

| | എണ്ണം | | പൂർത്തീകരിച്ചതുമായ ഗുണഭോക്താക്കളുടെ എണ്ണം | | പൂർത്തീകരിച്ചതുമായ ഗുണഭോക്താക്കളുടെ എണ്ണം | |
|---|---|---|---|---|---|---|
| | ജനറൽ | എസ്.സി. | ജനറൽ | എസ്.സി. | ജനറൽ | എസ്.സി. |
| 2022-23 | 7 | 6 | 7 | 2 | 8 | 4 |

2) ആകെ ചെലവഴിച്ച തുകയുടെ കണക്ക്

| വർഷം | പദ്ധതി വിഹിതം | ബ്ലോക്ക് വിഹിതം | ജില്ലാ വിഹിതം | ലോൺ | സ്റ്റേറ്റ് വിഹിതം | ആകെ |
|---|---|---|---|---|---|---|
| 2022-23 | 2190000 | 1375000 | 760000 | 1040000 | 400000 | 5765000 |

3) ഭവനം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കൾ

2022-23 വർഷം കരാർ വച്ചതും ഭവന നിർമ്മാണം പൂർത്തീകരിക്കാത്തതുമായ ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര്, വിലാസം | കൈപ്പറ്റിയ തുക | ജനറൽ/എസ്.സി. |
|---|---|---|
| മാജിമോൾ, പഴമ്പള്ളിൽ തറയിൽ | 200000 | എസ്.സി |
| പുഷ്പകുമാർ, കണ്ണങ്കരേത്ത് | 40000 | എസ്.സി |
| സതീഷ്കുമാർ, ളമ്പിനാത്ത് പുത്തൻ വീട് | 360000 | എസ്.സി |
| കൃഷ്ണകുമാർ, പട്ടന്റയ്യത്ത് | 2000000 | എസ്.സി |

തുക കൈപ്പറ്റി പണി പൂർത്തിയാകാത്ത ഗുണഭോക്താക്കൾ അടിയന്തിരമായി ഭവന നിർമ്മാണം പൂർത്തീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

4) ജനറൽ വിഭാഗത്തിൽ 18 ഉം എസ്.സി വിഭാഗത്തിൽ 10 ഉം ഉൾപ്പെടെ 28 ഗുണഭോക്താക്കൾ നാളിതുവരെ ആനുകൂല്യം കൈപ്പറ്റാതെ ഗുണഭോക്തൃ ലിസ്റ്റിൽ അവശേഷിക്കുന്നു

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ജെ.ബി.എസ്.സ്കൂളിന് ഫർണിച്ചർ വാങ്ങൽ-

പ്രോജക്ട് നം. 79/22
ജെ.ബി.എസ്. ചെറിയനാട് -ഫർണിച്ചർ വാങ്ങൽ
അടങ്കൽ :-3,00,000/- (മെയിന്റനൻസ് ഗ്രാൻറ്(നോൺ റോഡ്)
നിർവ്വഹണ ഉദ്യോഗസ്ഥ :- ഹെഡ്മിസ്ട്രസ്സ്
ബിൽ നം. 22070252009700594081 തീയതി 29-08-2022 തുക 2,97,395/- രൂപ

ഈ പദ്ധതി പ്രകാരം 2022 അധ്യയന വർഷത്തിൽ ജെ.ബി.എസ് ചെറിയനാട് സ്കൂളിലേക്ക് തടി കൊണ്ട് നിർമ്മിച്ച 30 ഡെസ്കും 30 ബെഞ്ചും ആർട്കോ ലിമിറ്റഡിൽ നിന്ന് വാങ്ങിയതിന് 297395/- രൂപ (ടാക്സ് അടക്കം) ചെലവായിട്ടുണ്ട്. സ്ഥാപനത്തിന്റെ 27-05-2022 ലെ പ്രൊഫോർമ ഇൻവോയ്സ് പ്രകാരമാണ് വാങ്ങൽ നടത്തിയിട്ടുള്ളത്. പ്രൊഫോർമ ഇൻവോയ്സിൽ HW 181 ബെഞ്ച് (180x30x45cm) ഒന്നിന് 4015.54/- രൂപയും HW 182 ഡെസ്ക്- (180x42.5x75cm) ഒന്നിന് 5154.24/- രൂപയും (18% ജി.എസ്.ടി ഉൾപ്പടെ)വില ചേർത്തിട്ടുണ്ട്. എന്നാൽ 04-06-2022 ലെ ബിൽ പ്രകാരം HW 181 ബെഞ്ച് ഒന്നിന് 4758.94/-രൂപയും HW 182 ഡെസ്ക് ഒന്നിന് 5154.24/- രൂപയും (ടാക്സ് ഉൾപ്പടെ) വില കണക്കാക്കി സ്ഥാപനത്തിന് പെയ്മെന്റ് ചെയ്തിട്ടുണ്ട്. ബെഞ്ചിന്റെ വിലയിൽ വ്യത്യാസം വന്ന കാരണത്താൽ 22302/- രൂപ അധികം ചെലവഴിച്ച((4758.94-4015.54)x30). അധിക ചെലവിന് വിശദീകരണം ലഭ്യമാക്കുവാനും വാങ്ങൽ നടപടി ക്രമങ്ങളുമായി ബന്ധപ്പെട്ട് എടുത്തിട്ടുള്ള പഞ്ചായത്ത് കമ്മറ്റി തീരുമാനങ്ങൾ, സപ്ലൈ ഓർഡർ എന്നിവ പരിശോധനയ്ക്ക് നൽകുവാനും ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു (നം. തീയതി). സപ്ലൈ ഓർഡർ പരിശോധനയ്ക്ക് നൽകിയെങ്കിലും അധികം തുക ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കിയില്ല. ലഭ്യമാക്കിയ സപ്ലൈ ഓർഡറിൽ മേൽപ്പറഞ്ഞ ഇൻവോയ്സ് അനുസരിച്ചുമുള്ള ബെഞ്ചും ഡസ്കും തന്നെയാണ് ആവശ്യപ്പെട്ടിട്ടുള്ളത്. ആകയാൽ ഇൻവോയ്സ് പ്രകാരമുള്ള വിലയിൽ നിന്നും അധികരിച്ച് ചെലവഴിച്ച തുക 22302/- രൂപ ചെലവിനുത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 100000 | അനുപൂരക പോഷകാഹാര പരിപാടി (എസ് സി) | 100000 | |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 299900 | ശാരീരിക മാനസിക വെല്ലുവിളിനേരിടുന്നവർക്ക് സ്കോളർഷിപ്പ് (ജനറൽ) | 299900 | |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 194410 | സമഗ്ര നെൽകൃഷി വികസനം | 194410 | |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 1375000 | ലൈഫ് ഭവന പദ്ധതി | 1375000 | |
| ബ്ലോക്ക് | 2022-23 | 81252 | ക്ഷീര കർഷകർക്ക് പാലിന് | 81252 | |

| | | | | | |
|---|---|---|---|---|---|
| പഞ്ചായത്ത് | | | സബ്സിഡി | | |
| ജില്ലാ പഞ്ചായത്ത് | 2022-23 | 285000 | അനുപൂരക പോഷകാഹാര പരിപാടി (ജനറൽ) | 285000 | |
| ജില്ലാ പഞ്ചായത്ത് | 2022-23 | 50000 | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠന മുറി | 50000 | |
| ജില്ലാ പഞ്ചായത്ത് | 2022-23 | 500000 | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠന മുറി | 500000 | |
| ജില്ലാ പഞ്ചായത്ത് | 2022-23 | 760000 | ലൈഫ് ഭവന പദ്ധതി (എസ് സി) | 760000 | |
| ജില്ലാ പഞ്ചായത്ത് | 2022-23 | 150000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 150000 | |
| ജില്ലാ പഞ്ചായത്ത് | 2022-23 | 412150 | സമഗ്ര നെൽകൃഷി വികസനം | 412150 | |
| ജില്ലാ പഞ്ചായത്ത് | 2022-23 | 200000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 200000 | |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം./ ബിൽ നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ എസ് ഇ ബി | അപായകരമായ ഇലക്ട്രിക്ക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | 4499112/ 12.08.22- 29467 101/17.11.22- | 54974 | 53185 | 1789 |

| | | | | | |
|---|---|---|---|---|---|
| | | 17747<br>168/31.01.23-5971 | | | |
| കെ ഡബ്ല്യു എ | സ്ട്രീറ്റ് ടാപ്പ് വാട്ടർ കണക്ഷൻ | 97/22.11.22 | 98000 | 98000 | 98000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

തൻ വർഷം ചെലവില്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് | - | 94184845 | 8623354 | 1379711 | 0 | 7243643 |
| | | 3640000 | - | - | - | 3640000 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പരാമർശം ഇല്ല

## 4-8 ചാർജ്ജ്/സർ ചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 36961150 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 29139718 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 22302 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 428000 |

(ബി)പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് | സർചാർജ് | |

| | ചെയ്യാവുന്നവ | ചെയ്യാവുന്നവ | |
|---|---|---|---|
| 1-30 | | 22302 | ശ്രീമതി അന്നമ്മ വർഗ്ഗീസ്, ഹെഡ്മിസ്ട്രസ്സ് |
| ആകെ | | 22302 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-31 | 280000 | ശ്രീമതി വിദ്യാ ജി, വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ |
| 1-32 | 98000 | ശ്രീമതി ജയലതാ വി, സെക്രട്ടറി |
| 1-37 | 50000 | ശ്രീമതി വിദ്യാ ജി, വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ |
| ആകെ | 428000 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ജയലതാ വി, സെക്രട്ടറി | സെക്രട്ടറി, അരൂർ ഗ്രാമ പഞ്ചായത്ത് | ജാൻവി, വെട്ടിയാർ പി ഒ, ആലപ്പുഴ |
| ശ്രീമതി അന്നമ്മ വർഗ്ഗീസ്, ഹെഡ്മിസ്ട്രസ്സ് | ഹെഡ്മിസ്ട്രസ്സ്, ഗവ.യു പി എസ്, ചെറിയനാട് | അമയിൽ റോയി വില്ല, മാരാമൺ പി ഒ, ആലപ്പുഴ |
| ശ്രീമതി വിദ്യാ ജി, വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ, ചെറിയനാട് ഗ്രാമപഞ്ചായത്ത് | തേവലക്കരയ്യത്ത്, പേരൂർ വഴി നടുവിൽ, ചാത്തകുളം പി.ഒ കൊല്ലം ജില്ല |

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം/(അദാലത്ത് റിപ്പോർട്ട് നം.) |
|---|---|
| 1996-97 മുതൽ 1998-99 വരെ (ചെലവ്) | എൽ.എഫ്.ജി.എ.5/1832/2011 തീയതി 24.01.2012 |

| | |
|---|---|
| 1997-98 (ഡി.സി.ബി) 2000-01 മുതൽ 2005-06 വരെ | എൽ.എഫ്.ജി.എ.5/1832/2011 തീയതി 24.01.2012 |
| 2006-07 | കെ.എസ്.എ-എ.എൽ.പി./പി.5/1257/2022 തീയതി 28.04.2023 |
| 2008-09 | |
| 2009-10 | |
| 2010-11 &2011-12 | കെ.എസ്.എ-എ.എൽ.പി./പി.5/1257/2022 തീയതി 28.04.2023 |
| 2012-13 | എൽ.എഫ്.എ.-പി.5/429/15 തീയതി 25.02.2016 |
| 2013-14&2014-15 | കെ.എസ്.എ-എ.എൽ.പി./പി.5/1257/2022 തീയതി 28.04.2023 |
| 2015-16 | |
| 2016-17 | |
| 2017-18 | |
| 2018-19 | |
| 2019-20 | കെ.എസ്.എ-എ.എൽ.പി-പി5-1077/2021/24.02.2022 |
| 2020-21 | കെ.എസ്.എ-എ.എൽ.പി-പി5-1078/2021/24.02.2022 |
| 2021-22 | കെ.എസ്.എ-എ.എൽ.പി-പി5-282/2023/29.03.2023 |

ഡെപ്യൂട്ടി ഡയറക്ടർ

## Annexure 1

## Audit Certificate

i. I have audited the attached Financial statements approved vide resolution number 9(I) dated 15-07-2023 and submitted on 21-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Cheriyanad Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Cheriyanad Grama Panchayat for the year 2022-2023

Date: 03/10/2023

Deputy Director
District Office Alappuzha
Kerala State Audit Department

## Audit Report appended to the Audit Certificate of Cheriyanad Grama Panchayat for the Year 2022-2023.

**1.Major Observations**

1. Amount invested to implementing agencies such as KSEB & KWA for deposit works, are taken as payment instead of Advance in AFS.

2. Abstract of Accounts of MGNREGS in AFS, is not tallied with the cash book of MGNREGS.

3. State of share of LIFE Mission is wrongly taken as Loan in accounts.

4. The following heads of Accounts in B9 schedule included as negative figures.

Head Code

350200201

350200203

350200205

350200206

350200207

350200208

5. Part Bill Payments in respect of public works is not included in AFS as capital work in progress.

**2.Other Observations**

D.C.B. of Rent & Auction as per the concerned registers are not match with the figures depicted in AFS.

Deputy Director
District Audit Office, Alappuzha
Kerala State Audit Department

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ ചെറിയനാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്